കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മുളക്കുളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം .പി 8/ 1050/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 12/09/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം .പി 8/ 1050/2025 തീയ്യതി: 12/09/2025

കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.മാത്യു ജേക്കബ്	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)	21-06-2025	30-06-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-06-2025	30-06-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുമേഷ് പി.വി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ബീനാകുമാരി റ്റി.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജയന്ത് ഹരി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.റ്റി.കെ.വാസുദേവൻ നായർ	പ്രസിഡന്റ്	01-04-2024	31-03-2025

ശ്രീമതി സെറീന അബ്ദുൾ അസീസ്	സെക്രട്ടറി	01-04-2024	02-09-2024
ശ്രീമതി പ്രസന്ന എസ്.റ്റി.	സെക്രട്ടറി-ഇൻ-ചാർജ്ജ്	03-09-2024	08-10-2024
ശ്രീമതി ചന്ദ്രിക കെ.വി.	സെക്രട്ടറി	09-10-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശ്രുതി രാജ് ആർ.	കൃഷി ഓഫീസർ	01-04-2024	04-08-2024
ശ്രീമതി അനഘ ആർ.	കൃഷി ഓഫീസർ	05-08-2024	31-10-2024
ശ്രീമതി ശ്രുതി രാജ് ആർ.	കൃഷി ഓഫീസർ	01-11-2024	02-11-2024
ശ്രീമതി സത്മ എം,സി.	കൃഷി ഓഫീസർ	03-11-2024	02-01-2025
ശ്രീമതി ശ്രുതി രാജ് ആർ	കൃഷി ഓഫീസർ	03-01-2025	05-01-2025
ശ്രീമതി സത്മ എം,സി	കൃഷി ഓഫീസർ	06-01-2025	31-03-2025
ഡോ.ജിംസി ജോസഫ്	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ഡോ.ഉമനാഥ് പൈ.ജി	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	31-03-2025
ശ്രീമതി.രശ്മി പി രാജൻ	അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി ബിന്ദുറാണി എം	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	08-08-2024
ശ്രീമതി അഞ്ജന ആർ.നായർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	09-08-2024	27-10-2024
ശ്രീമതി സിന്ധു വാസുദേവൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	28-10-2024	31-03-2025
ശ്രീമതി ശില്പമോൾ എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീ പ്രിൻഷാദ് പി വൈ	വി ഇ ഓ മുളക്കുളം	01-04-2024	06-09-2024
ശ്രീമതി അനുപമ എ ടി	വി ഇ ഓ മുളക്കുളം	07-09-2024	17-09-2024
ശ്രീമതി ആശാ ശ്രീധർ	വി ഇ ഓ മുളക്കുളം	18-09-2024	31-03-2025
ശ്രീമതി അനുപമ എ ടി	വി ഇ ഓ പെരുവ	01-04-2024	05-01-2025
ശ്രീമതി ആശാ ശ്രീധർ	വി ഇ ഓ പെരുവ	06-01-2025	31-03-2025
ശ്രീമതി ശില്പമോൾ പി എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീ.സാലിൻ പി എസ്സ്.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	19-09-2024
ശ്രീ.ദേവിലാൽ എം.എസ്.	അസിസ്റ്റന്റ് എഞ്ചിനീയർ	20-09-2024	25-09-2024
ശ്രീമതി ബിജിമോൾ	അസിസ്റ്റന്റ് എഞ്ചിനീയർ	26-09-2024	31-03-2025
ശ്രീമതി പ്രസന്ന എസ്.റ്റി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	05-10-2024
ശ്രീമതി ദീപ്തി രവീന്ദ്രൻ	അസിസ്റ്റന്റ് സെക്രട്ടറി ഇൻ-ചാർജ്ജ്	06-10-2024	05-11-2024
ശ്രീമതി ശ്രീകല കെ.	അസിസ്റ്റന്റ് സെക്രട്ടറി	06-11-2024	31-03-2025
ഡോ.മീനു ഇന്ദുചൂഡൻ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	01-04-2024	01-08-2024
ഡോ.മാമ്മൻ പി.ചെറിയാൻ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	02-08-2024	31-03-2025
ശ്രീ. കെ ടി അനിൽകുമാർ	ഹെഡ്മാസ്റ്റർ, ഗവ.എൽ പി എസ്, കീഴൂർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25	1-1
2	പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.	1-1-1
3	ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ ആധികാരികത വ്യക്തമല്ല	1-1-2
4	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-3
5	വരവിനങ്ങളിലെ ഡിസിബി 24-25 ലെ യഥാർത്ഥ ഡിസിബിയുമായി വ്യത്യാസപ്പെട്ടിരിയ്ക്കുന്നു	1-1-4
6	ഡെപ്പോസിറ്റ് തുകകൾ യഥാർത്ഥ തുകയുമായി വ്യത്യാസപ്പെട്ടിരിയ്ക്കുന്നു.	1-1-5
7	NREGA EFMS ചെലവ്--കൃത്യമായ ഹെഡിൽ അക്കൌണ്ട് ചെയ്തില്ല	1-1-6
8	ഇൻകം & എക്സ്പെൻഡീച്ചറിൽ നിന്നും Balance Sheet ലേയ്ക്ക് ക്യാരിഓവർ ചെയ്ത Surplus തുക കൃത്യമല്ല	1-1-7
9	നിലവിലില്ലാത്ത അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെട്ടിരിക്കുന്നു	1-1-8
10	ബജറ്റ്-വിശകലനം	1-2
11	സാമ്പത്തിക വിശകലനം	1-3
12	ഫണ്ട് വിനിയോഗം	1-4
13	വാർഷിക പദ്ധതിയവലോകനം	1-5
14	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
15	സാമൂഹ്യ സുരക്ഷ പദ്ധതികൾ	1-7
16	ക്യാഷ് ബാലൻസ് പരിശോധന	1-8
17	ആഭ്യന്തരനിയന്ത്രണ സംവിധാനം	1-9
18	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
19	നിലവിലില്ലാത്ത അക്കൗണ്ട് വാർഷികകണക്കിൽ ഉൾപ്പെട്ടിരിയ്ക്കുന്നു	1-11
20	ബാങ്ക് അക്കൌണ്ടുകളിലെ പലിശ നിരക്ക് സംബന്ധിച്ച് കൃത്യത വരുത്തിയിട്ടില്ല	1-12
21	വസ്തുനികുതിയിനത്തിൽ ഭീമമായ തുക കുടിശ്ശിക	1-13
22	സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെയും വഴി സൗകര്യത്തിന്റെയും അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കുന്നു	1-14
23	പൊതുമരാമത്ത് കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല	1-15
24	തൊഴിൽ നികുതി പിരിവിൽ അപാകതകൾ നിലനിൽക്കുന്നു	1-16
25	സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിലെ അപാകതകൾ നിലനിൽക്കുന്നു	1-17
26	IFTE & OS ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-18
27	വിവിധ കുടിശ്ശിക തുകകളുടെ വിശദാംശം ലഭ്യമായില്ല	1-19
28	കരിങ്കല്ല് ലേലം - തുടർ നടപടികൾ അറിയിക്കേണ്ടതാണ്.	1-20
29	സ്ഥിരനിക്ഷേപത്തിൽ നിന്നും കിഴിവ് ചെയ്ത ആദായനികുതി തിരികെ ലഭ്യമായിട്ടില്ല	1-21
30	ഇ.ടെണ്ടർ ഫീസ് പഞ്ചായത്തിന് പൂർണ്ണമായി ലഭിച്ചില്ല.	1-22
31	റിഡംപ്ഷൻ തുക 1,41,047/- രൂപ തിരികെ ലഭിച്ചിട്ടില്ല.	1-23
32	കാലിബാരൽവില – നിശ്ചിത ശീർഷകങ്ങളിൽ അടവാക്കുന്നില്ല.	1-24
33	വനിതാ ഗ്രൂപ്പിന് ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ്- ചെലവ് വിശദാംശങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയില്ല	1-25
34	മിനി ഡയറി ഫാം ആധുനികവത്ക്കരണം--ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല	1-26
35	രേഖകളില്ലാതെ സബ്സിഡി ആനുകൂല്യം നൽകി	1-27
36	കളക്ടേഴ്സ് അറ്റ് ഹോം- ആവശ്യകത നിർണ്ണയിക്കാതെ ബിന്നുകൾ വാങ്ങി-വിതരണം പൂർത്തീകരിച്ചില്ല	1-28
37	മാലിന്യ നിക്ഷേപം തടയാൻ സി.സി.റ്റി.വി- പ്രവൃത്തി പൂർത്തിയായില്ല.	1-29
38	ആട് വളർത്തൽ-വരുമാന പരിധി പരിശോധിക്കാതെ സബ്സിഡി അനുവദിച്ചു.	1-30
39	അവർമ്മ സ്കൂളിൽ മിനിപാർക്ക് - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.	1-31

40	മിനിവയോജന പാർക്ക് - അപാകതകൾ.	1-32
41	പൊതുശ്മശാനത്തിന്റെ ആധുനികവൽക്കരണം - പൂർത്തിയായില്ല.	1-33
42	HDPE പോട്ട് വിതരണം- ജി.എസ്.റ്റി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തില്ല	1-34
43	എം.സി.എഫിലേക്ക് ബെയ്ലിംഗ് മെഷീൻ വാങ്ങൽ - തുടർമോണിട്ടറിംഗില്ല.	1-35
44	ജാഗ്രത സമിതിക്കായി വാങ്ങിയ ഫർണീച്ചറുകൾ ഉപയോഗിക്കാതെ അങ്കണവാടിയിൽ സൂക്ഷിച്ചിരിക്കുന്നു	1-36
45	അങ്കണവാടിക്ക് സ്ഥലം വാങ്ങൽ - തുടർപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.	1-37
46	പ്രവർത്തി സമയബന്ധിതമായി പൂർത്തിയാക്കിയില്ല – സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.	1-38
47	മഴക്കാല പൂർവ്വശുചീകരണം--ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല	1-39
48	വീട് വാസയോഗ്യമാക്കൽ- പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു	1-40
49	വാട്ടർ ചാർജ് കുടിശ്ശിക – പിഴസഹിതം തുക അടവാക്കി.	1-41
50	പൊതുടാപ്പുകളുടെ വെള്ളക്കരം - രേഖകൾ ലഭ്യമായില്ല.	1-42
51	ഹരിതകർമ്മസേന യൂസർഫീസ് പിരിവ് - രേഖകൾ ലഭ്യമാക്കേണ്ടതാണ്.	1-43
52	ലൈഫ് ഭവന പദ്ധതി- നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു	1-44
53	ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിക്കൽ - കമ്മറ്റി തീരുമാനം നടപ്പാക്കൽ സംബന്ധിച്ച് .	1-45
54	ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് പ്രവൃത്തികൾ - വിനിയോഗവിവരം ലഭ്യമായില്ല.	1-46
55	ആയുർവേദ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല	1-47
56	മരുന്ന് പൂർണ്ണമായും ലഭ്യമായില്ല	1-48
57	ഹെൽത്ത് ഗ്രാന്റ്-അവലോകനം	1-49
58	ജൽജീവൻ മിഷൻ - അവലോകനം.	1-50
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ	4-5
6	വായ്പ/വായ്പതിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപങ്ങൾ	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ഓഡിറ്റ് റിക്കവറി	4-9
10	ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25

1. മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 21/05/2025 തീയതിയിലെ 3 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 26/05/2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി : 12-09-2025 **ഡെപ്യൂട്ടി ഡയറക്ടർ**

1-1-1 പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

31/03/2025 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(OBRP Data) സൂക്ഷിച്ചിട്ടില്ല.

1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ ആധികാരികത വ്യക്തമല്ല

2024-25 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ആയത് തയ്യാറാക്കി സൂക്ഷിയേക്കണ്ടതാണ്.

1-1-4 വരവിനങ്ങളിലെ ഡിസിബി 24-25 ലെ യഥാർത്ഥ ഡിസിബിയുമായി വ്യത്യാസപ്പെട്ടിരിയ്ക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 24-25 വർഷത്തെ വാർഷികകണക്കുകളിൽ ടാക്സ്, നോൺടാക്സ് വരവ് ഇനങ്ങളിലെ ഡിസിബി കണക്കുകൾ യഥാർത്ഥ ഡിസിബി യുമായി വ്യത്യാസപ്പെട്ടിരിയ്ക്കുന്നു. വരവുകൾ കൃത്യമായ വരവ് ഹെഡ്ഡിൽ അക്കൌണ്ട് ചെയ്തിട്ടില്ല.

1-1-5 ഡെപ്പോസിറ്റ് തുകകൾ യഥാർത്ഥ തുകയുമായി വ്യത്യാസപ്പെട്ടിരിയ്ക്കുന്നു.

വാർഷിക കണക്കുകളിലെ Bidders' Earnest Money Deposit, Contractors' Retention എന്നീ ഡെപ്പോസിറ്റ് തുകകൾ യഥാർത്ഥ കണക്കുകളുമായി വ്യത്യാസമുണ്ട്. കൃത്യമായ ഹെഡ്ഡുകളിൽ ഡെപ്പോസിറ്റുകൾ അക്കൌണ്ട് ചെയ്തിട്ടില്ല.

1-1-6 NREGA EFMS ചെലവ്--കൃത്യമായ ഹെഡിൽ അക്കൌണ്ട് ചെയ്തില്ല

NREGA EFMS ചെലവ് Total Poverty Alleviation എന്ന ഹെഡിൽ അക്കൌണ്ട് ചെയ്യാതെ Administrative Expense ആയി അക്കൌണ്ട് ചെയ്തിരിയ്ക്കുന്നു.

1-1-7 ഇൻകം & എക്സ്പെൻഡീച്ചറിൽ നിന്നും Balance Sheet ലേയ്ക്ക് ക്യാരിഓവർ ചെയ്ത Surplus തുക കൃത്യമല്ല

Income & Expenditure Statement ൽ Gross Surplus Of Income Over Expenditure കാൽക്കുലേറ്റ് ചെയ്തതിൽ വ്യത്യാസം ഉള്ളതിനാൽ Net Balance Being Surplus Carried Over To Balance Sheet (Panchayat Fund) എന്നതിൽ കൃത്യമായ തുകയല്ല ചേർത്തിരിയ്ക്കുന്നത്.

1-1-8 നിലവിലില്ലാത്ത അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെട്ടിരിക്കുന്നു

ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത അക്കൗണ്ട് 40(B) പത്രികയിൽ ബാങ്ക് ബാലൻസായി ഉൾപ്പെട്ടിരിക്കുന്നു.

1-2 ബജറ്റ്-വിശകലനം

ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 09.02.2024 ലെ 2 -ാംനമ്പർ തീരുമാനപ്രകാരവും പരിഷ്കരിച്ച ബജറ്റ് 22.02.2025 -ലെ 1-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ്	
	ആദ്യത്തേത്	പുതുക്കിയത്
മുന്നിരിപ്പ്	5690142	5690142
വരവ്	331162350	329718956
ആകെ	336852492	335409098
ചെലവ്	332411825	330932825
നീക്കിയിരിപ്പ്	4440667	4476273

ബജറ്റ് പ്രകാരം 32.97 കോടി രൂപ വരവും 33.09 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2024-25 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 18.90 കോടി രൂപയും ചെലവ് 18.43 കോടി രൂപയുമാണുള്ളത്. ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് നടപടികളിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-214, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)

ചട്ടങ്ങളിലെ ചട്ടം-71 എന്നിവയിലെ വ്യവസ്ഥകൾ എല്ലാം പാലിക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ് പ്രകാരം

മുന്നിരിപ്പ്	14020989
ഓഡിറ്റ് വർഷത്തെ വരവ്(Receipt)	68493229
ആകെ	82514218
Deputy Director District Office Kottayam Kerala State Audit Departmentഓഡിറ്റ് വർഷത്തെ ആകെ ചെലവ് (Payment)	48132593
നീക്കിയിരിപ്പ്	34381625

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മന്റ് പ്രകാരം

	തുക
ആകെ വരുമാനം(Income)	189093670
ആകെ ചെലവ് (Expenditure)	184338870
വരുമാന മിച്ചം (Gross Surplus)	4754800
മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment)	-480794
അറ്റ പ്രവർത്തന മിച്ചം	4754800(-480794)=4274006

ഓഡിറ്റ് സംക്ഷിപ്തം

വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്)	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1573810/-

1-4 ഫണ്ട് വിനിയോഗം

ഗ്രാന്റ്-ഇനം	മുന്നിരിപ്പ്	അലോട്ട്മെന്റ്/ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക	ചെലവ് %
വികസന ഫണ്ട്-ജനറൽ	00	26077000	26077000	25977000	100000	99.62
വികസന ഫണ്ട്-SCSP	00	6005000	6005000	6005000	0	100
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied*	1,801,582	4648560	6450142	1420318	5029524	
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied**	3,249,502	10869516	14119018	6133411	7985607	
ഹെൽത്ത് ഗ്രാന്റ് (Diagnostic Infrastructure To PHC)	716,887	405013	1121900	678541	443359	
ഹെൽത്ത് ഗ്രാന്റ്	378,082	622290	1000372	350042	650330	

(Conversion Of PHCs And Subcentres In To Health And Wellness Centres)						
മെയിന്റനൻസ് ഗ്രാന്റ്-Road	0	22311000	22311000	22311000	0	100
മെയിന്റനൻസ് ഗ്രാന്റ്- Non Road	0	5088000	5088000	5088000	0	100
ICDS സ്കീം	2,122,178	2081623	4203801	1330107	2873694	31.64
ശുചിത്വ മിഷൻ ഗ്രാന്റ്	0	720000	720000	720000	0	100
സമ്പൂർണ്ണ ശുചിത്വം	36,008	4615	40623	0	40623	
Solid Waste Management	285,670	0	285670	0	285670	
നിർമ്മൽ പുരസ്ക്കാരം	93,973	0	93973	0	93973	
Total Sanitation Scheme	38,000	13762	51762	118	51644	
Life Mission State Share	24548	1500000	1524548	980000	544548	
MN Laksham Veedu	828,320	0	828,320	0	828,320	

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. വികസനഫണ്ടിന്റെ പൊതുവിഭാഗം വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1015927/- രൂപ KURDFC വായ്പ തിരിച്ചടവ് ഇനത്തിലും അങ്കണവാടി ഹോണറേറിയം ഇനത്തിൽ 1138800/- രൂപയും ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ ഇത്തരത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് , സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ വിനിമയം ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2. (*) എ) G.O.(Rt) No.2075/2025/Fin Dated 04-03-2025 ൽ ട്രഷറിയിൽ ലഭിച്ച 20-21 ലെ ക്യാരി ഓവർ വിഹിതം 150/- രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ഉൾപ്പെട്ടിട്ടില്ല. ആകെ ക്യാരിഓവർ വിഹിതം 300/- രൂപ ട്രഷറിഅലോട്ട്മെന്റായി ലഭിച്ചിട്ടുള്ളത് ചെലഴിയ്ക്കാത്തതിനാൽ ലാപ്സായിട്ടുണ്ട്.
ബി) ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻവർഷം ലഭിച്ച പലിശ 254814/- രൂപ അൺടൈഡ് ഗ്രാന്റിൽ അക്കൗണ്ട് ചെയ്തിരിക്കുന്നത് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.
സി) അൺടൈഡ് ബേസിക് ഗ്രാന്റിൽ നിന്നും ബാങ്ക് ചാർജ്ജ് ഇനത്തിൽ 177/- രൂപ കുറച്ചിട്ടുള്ളതിനാൽ ടി തുക കൂടി ചേർന്നതാണ് ആകെ ചെലവ്. ഗ്രാന്റ് സ്റ്റേറ്റ്മന്റ്, സുലേഖ ചെലവ് പത്രിക എന്നിവയിലെ ചെലവിൽ ടി തുക ഉൾപ്പെട്ടിട്ടില്ല.
ഡി) ധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റിനത്തിൽ 2024-25 ലെ ബജറ്റ് വിഹിതം ബാങ്ക് അക്കൌണ്ടിലും 2020-21 വർഷത്തെ ക്യാരിഓവർ വിഹിതം 1109516/- രൂപ ട്രഷറി അക്കൌണ്ടിൽ അലോട്ട്മെന്റായുമാണ് ലഭിച്ചത്. ട്രഷറി അലോട്ട്മെന്റിൽ നിന്നും 1096524/- രൂപ ചെലവഴിച്ചിട്ടുള്ളതും 12992/- രൂപ ചെലവഴിയ്ക്കാത്തതിനാൽ ലാപ്സായി പോയിട്ടുണ്ട്. ടി തുക കൂടി ഉൾപ്പെടെയാണ് ടൈഡിനത്തിലെ ബാലൻസ് തുക ചേർത്തിരിയ്ക്കുന്നത്.
ഇ) CFC ടൈഡ് ഗ്രാന്റിനത്തിലെ ബാലൻസ് തുക B-4/B-17 ഷെഡ്യൂളിലെ ബാലൻസ് തുകയുമായി 2891/- രൂപയുടെ വ്യത്യാസം നിൽക്കുന്നു. ആയത് ക്രമീകരിയേക്കണ്ടതാണ്.
മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

1-5 വാർഷിക പദ്ധതിയവലോകനം

മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) മൂന്നാം വാർഷിക പദ്ധതിയ്ക്ക് (2024-25) ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 84898/24/DPC/DPO/KTM തീയതി 21-03-2025 പ്രകാരം അന്തിമഅംഗീകാരം ലഭിച്ചിട്ടുണ്ട്. ആകെ 301 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 171131501/- രൂപയാണ്. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
301	171131501/-	224	86645361/-	77	74%

പദ്ധതി രൂപീകരണത്തിന് മുന്നോടിയായി ആസൂത്രണസമിതിയോഗം 18-12-2023ലും വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 22-12-2023 ലും വികസന സെമിനാർ 12-1-2024 ലും ചേർന്നിട്ടുണ്ട്. വ്യക്തിഗത ഗുണഭോക്തൃലിസ്റ്റിന് 27-07-2024 മുതൽ 10.8.2024 വരെ നടന്ന ഗ്രാമസഭകളിൽ അംഗീകാരം ലഭിച്ചു. 2024-25 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണഉദ്യോഗസ്ഥൻ	നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ	നടപ്പിലാക്കിയ പ്രോജക്ടുകൾ	അടങ്കൽ	ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	11	11	5527125/-	4845326/-	87%
വെറ്ററിനറി സർജൻ	6	5	825600/-	653771/-	79%
മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)	18	17	5552832/-	4485149/-	80.7%
മെഡിക്കൽ ഓഫീസർ (ഹോമിയോ)	4	4	929443/-	929443/-	100%
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	2	1	460000/-	80000/-	17%
വി.ഇ.ഒ	32	25	63229234/-	22327294/-	35.3%
ഐ.സി.ഡി.എസ് സൂപ്പർവൈസർ	14	14	7178392/-	4370146/-	60.8%
സെക്രട്ടറി	38	24	11238009/-	6136436/-	54.6%
ഹെഡ്മാസ്റ്റർ	5	4	810557/-	686484/-	84.6%
അസി.എഞ്ചിനീയർ	148	100	63045820/-	35331276/-	56%
ഡയറി ഫാം ഇൻസ്ട്രക്ടർ	9	9	9545629/-	5188256/-	54.3%
അസി.സെക്രട്ടറി	14	10	2788860/-	1611780/-	57.8%
ആകെ	301	224	171131501/-	86645361/-	50.6%

ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ ചെലവ് കുറഞ്ഞതും സംസ്ഥാനാവിഷ്കൃതവിഹിതം, തനത്ഫണ്ട്, ബ്ളോക്ക് , ജില്ലാപഞ്ചായത്ത് വിഹിതങ്ങളിൽ വലിയ തുകകൾ വകയിരുത്തിയതും ചെലവ് ശതമാനം കുറയാൻ കാരണമായി.

<u>വാർഷികപദ്ധതിയിലെ പ്രധാന നേട്ടങ്ങൾ</u>

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് നിരവധി പ്രോജക്ടുകൾ നടപ്പാക്കി.

ആരോഗ്യമേഖലയിൽ ഹെൽത്ത് ലാബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ , മരുന്ന് വാങ്ങൽ പ്രോജക്ടുകൾ ,വൃദ്ധവികലാംഗപരിചരണം , പാലിയേറ്റിവ് കെയർ, ക്യാൻസർ നിർണ്ണയ മെഡിക്കൽ ക്യാമ്പ്, ഡയാലിസിസിന് സഹായം എന്നിങ്ങനെ വിവിധങ്ങളായ പ്രോജക്ടുകൾ നടപ്പാക്കി.

വാർഡ് 13 ൽ 10,62,500/- രൂപ ചെലവഴിച്ച് 58 – നമ്പർ അങ്കണവാടിക്ക് സ്ഥലം വാങ്ങി നൽകി.

<u>വിവിധ ഗ്രാന്റുകൾ ചെലവഴിച്ചതിൽ നേട്ടം</u>

വികസനഫണ്ട്-ജനറൽ ഇനത്തിൽ ആകെ അലോട്ട്മെന്റിന്റെ 99.6% തുക ചെലവഴിക്കാൻ സാധിച്ചു. 100000/- രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു. വികസനഫണ്ട്(എസ്.സി.പി) , സംരക്ഷണഗ്രാന്റ് റോഡ്, റോഡിതരസംരക്ഷണഗ്രാന്റ് എന്നീ ഇനങ്ങളിൽ ലഭ്യമായ ഗ്രാന്റ് 100% ചെലവഴിക്കാൻ സാധിച്ചത് ഭരണസമിതിയുടെയും

ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ്.
സർക്കാർ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ശ്രമങ്ങളുണ്ടായത് അഭിനന്ദനം അർഹിക്കുന്നു.ധനകാര്യകമ്മീഷൻ ഗ്രാന്റ് വലിയ തുക ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ആയത് തുടർവർഷങ്ങളിൽ ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്.

മോണിറ്ററിംഗ്

കാര്യക്ഷമമായ മോണിറ്ററിംഗ് നടത്തുന്നതിനോ റിപ്പോർട്ടുകൾ നല്കുന്നതിനോ തെരഞ്ഞെടുക്കപ്പെട്ട മോണിറ്ററിംഗ് കമ്മറ്റികൾക്ക്/ വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് സാധിച്ചതായി കാണുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ 1% എങ്കിലും പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന ഗുണനിലവാര പരിശോധനക്ക് വിധേയമാക്കണമെന്ന പദ്ധതി രൂപീകരണ മാർഗ്ഗരേഖ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. സോഷ്യൽ ഓഡിറ്റ് നടത്തി പ്രോജക്ടുകളുടെ ഫലക്ഷമത വിലയിരുത്തൽ നടന്നതായും കാണുന്നില്ല.

മിനിട്സ് സൂക്ഷിപ്പ്

ഓഡിറ്റ് പൂർത്തിയായ ദിവസവും ജനറൽകമ്മറ്റി മിനിട്സ് പൂർത്തിയാക്കി സകർമ്മയിൽ അപ് ലോഡ് ചെയ്തിട്ടില്ല. സകർമ്മ പ്രകാരം 15.2.2025, 22.2.2025, 11.3.2025, 17.3.2025, 17.3.2025, 28.3.2025, 8.4.2025,19.4.2025, 30.4.2025, 21.5.2025, 29.5.2025 എന്നീ തീയതിയിലെ യോഗമിനിട്സുകൾ പെൻഡിംഗാണ്.

ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി മിനിട്സ് 21.12.24 വരെയും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിട്സ് 30.12. 2024 ന് ശേഷവും എഴുതിയിട്ടില്ല.

വാർഡ് 9, വാർഡ് 7 , വാർഡ് 10 എന്നീ വാർഡുകളുടെ ഗ്രാമസഭാമിനിട്സ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായത്.

യോഗമിനിട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കാത്തത് ശരിയായ നടപടിയല്ല. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2024-25 വർഷം 34 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 17 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 554 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 160 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 84 പ്രവൃത്തികൾ പൂർത്തിയാക്കി. 41325 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 239 അയൽക്കൂട്ടങ്ങളിൽ 239 എണ്ണവും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 644 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. 66.12 തൊഴിൽ ദിനങ്ങൾ ശരാശരി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി കയ്യാല, മഴക്കുഴി തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൊഴിലുറപ്പു പദ്ധതി കാഷ് ബുക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്		3955.56
വരവ്	ഇ.എഫ്.എം.എസ്. വരവ്	15009724.16
	ക്യാഷ് വരവ് (ബാങ്ക് പലിശ ഉൾപ്പടെ)	1636268.00
	പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള മുൻകൂർ	1075283.4
ആകെ വരവ്		17725231.12
ചെലവ്	തൊഴിലാളികളുടെ വേതനം	258086.16
	വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം	14029155
	സാധന വില, വാടക, ബാങ്ക് ചാർജ്	722483.40
	ഭരണ ചെലവുകൾ	1075283

	പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരികെ ക്രമീകരിച്ചത്	1638089
ആകെ ചെലവ്		17725231.12
	നീക്കിയിരിപ്പ്	2134.56

1-7 സാമൂഹ്യ സുരക്ഷ പദ്ധതികൾ

2024-25 വർഷം മുളക്കുളം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി 6.58 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷ പെൻഷൻ ഇനം, ചെലവഴിച്ച തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ പട്ടികയിൽ ചേർത്തിരിക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
വാർദ്ധക്യകാലപെൻഷൻ	42201300	2966
കർഷകതൊഴിലാളി പെൻഷൻ	5204400	310
വിധവാപെൻഷൻ	13382900	904
50 വയസിലധികം പ്രായമുള്ള അവിവാഹിത വനിതകൾക്ക് പെൻഷൻ	873000	58
വികലാംഗപെൻഷൻ	4120200	265

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2024-25 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി മുളക്കുളം ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ്, ഫ്രണ്ട് ഓഫീസ് ക്യാഷ്യർ എന്നീ ജീവനക്കാരുടെ സാന്നിധ്യത്തിൽ 21/06/2025 തീയതിയിൽ 3.15 PM സമയത്ത് നടത്തുകയുണ്ടായി. ഭൗതിക പരിശോധനയിൽ 397/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിൽ ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, വാർഷിക കണക്കുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. എന്നാൽ സ്ഥിരനിക്ഷേപ രജിസ്റ്റർ കൃത്യമായി പരിപാലിയ്ക്കപ്പെടുന്നില്ല. വസ്തുനികുതി കുടിശിക ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ വളരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് ഇല്ലാത്തതിനാൽ ലൈസൻസ് എടുക്കാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നവരുടെ കണക്ക് ലഭ്യമല്ലാത്ത സ്ഥിതിയാണുള്ളത്. നിരവധി പേർ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു എന്ന് ഗ്രാമപഞ്ചായത്ത് കമ്മറ്റിതന്നെ വിലയിരുത്തുകയും ലൈസൻസ് അദാലത്ത് നടത്താൻ തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത തീരുമാനം നടപ്പാക്കിയില്ല. തനത് വരുമാനം മെച്ചപ്പെടുത്താൻ നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കാൻ ക്രിയാത്മകമായ പ്രവർത്തനങ്ങൾ ഉണ്ടാവേണ്ടതുണ്ട്. ലഭ്യമായ സർക്കാർ ഗ്രാന്റുകൾ പൂർണ്ണമായി വിനിയോഗിക്കാൻ സാധിച്ചത് ഗ്രാമപഞ്ചായത്തിന്റെ നേട്ടമാണ്. എങ്കിലും ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ വലിയ തുക ചെലവഴിക്കാതെ അവശേഷിക്കുന്നതിന് പരിഹാരം ഉണ്ടാവേണ്ടതുണ്ട്. ജനറൽ കമ്മിറ്റിയുടെയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെയും മിനിറ്റ്സ് കാലികമായി സൂക്ഷിക്കാത്തത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	27.12.2019	2014-15 മുതൽ 2018-19 വരെ	LBA(HQ)-11/11/8A/110/2019/20 DT 03.01.2020

1-11 നിലവിലില്ലാത്ത അക്കൗണ്ട് വാർഷികകണക്കിൽ ഉൾപ്പെട്ടിരിയ്ക്കുന്നു

വാർഷികകണക്കിലെ RP40(B), ബി-17 എന്നീ ഷെഡ്യൂളുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ നിലവിലില്ലാത്ത അക്കൗണ്ടിൽ ചുവടെ ചേർക്കും പ്രകാരം തുക അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ശീർഷകം	അക്കൗണ്ട് വിശദാംശം	നീക്കിയിരിപ്പ് തുക
450210101	**Nationalised Bank Account Of Own Revenue Fund -**	**40,652/-**

ടി അക്കൌണ്ട് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് & ബാങ്ക് ബാലൻസ് നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ഇപ്രകാരം നിലവിലില്ലാത്ത അക്കൗണ്ട് വാർഷികകണക്കിൽ ഉൾപ്പെടുകയും പ്രസ്തുത അക്കൗണ്ടിൽ തുക അവശേഷിക്കുന്നത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി നം.24/27.06.2025 ന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് ഫണ്ടിന്മേൽ പരാമർശിച്ച അക്കൗണ്ട് ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പാക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത അക്കൌണ്ട് ആണെങ്കിൽ ആയത് നീക്കിയിരിപ്പിൽ നിന്നും നീക്കം ചെയ്യുന്നതിന് തുടർ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

1-12 ബാങ്ക് അക്കൌണ്ടുകളിലെ പലിശ നിരക്ക് സംബന്ധിച്ച് കൃത്യത വരുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ചുവടെ ചേർക്കുന്ന ബാങ്ക് അക്കൌണ്ടിൽ നിന്നും 2024-25 സാമ്പത്തിക വർഷം ലഭിച്ച പലിശയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ബാങ്ക് അക്കൌണ്ട് നം.	01.04.2024 ൽ നീക്കിയിരിപ്പ്	31.03.2025 ൽ നീക്കിയിരിപ്പ്	ബാങ്ക് സ്റ്റേറ്റ്മന്റ് പ്രകാരം 24-25 സാമ്പത്തികവർഷം ലഭിച്ച പലിശ
DISTRICT CO-OPERATIVE BANK OWN FUND-(50121203000002)	31,95,756	99,95,083	159399

സഹകരണ സംഘം രജിസ്ട്രാറുടെ 25.05.2012 ലെ 19/2012 നമ്പർ സർക്കുലർ പ്രകാരം ഒരു ലക്ഷത്തിന് മുകളിലുള്ള സേവിംഗ്സ് നിക്ഷേപങ്ങൾക്ക് (പ്രതിമാസ ശരാശരി) 5% നിരക്കിൽ പലിശ നൽകേണ്ടതാണെന്നും 10.02.2022 ലെ 05/22 നമ്പർ സർക്കുലർ പ്രകാരം എല്ലാ സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾക്കും പരമാവധി പലിശ നിരക്ക് 4% ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

സർക്കുലറിൽ പറഞ്ഞിരിക്കുന്ന പരമാവധി പലിശ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാൻ അർഹതയുള്ളതിനാൽ ഗ്രാമപഞ്ചായത്തിന്റെ മേൽ അക്കൌണ്ട് ആരംഭിച്ച തീയതി മുതൽ ലഭിയ്ക്കുന്ന പലിശയിൽ സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരമുള്ള പലിശ ലഭിയ്ക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തി മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.25/27.06.2025) മറുപടി ലഭ്യമാക്കിയില്ല.
ഖണ്ഡികയിലെ പരാമർശത്തിന് തുടർ നടപടി സ്വീകരിയ്ക്കേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-13 വസ്തുനികുതിയിനത്തിൽ ഭീമമായ തുക കുടിശ്ശിക

ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും പ്രധാന നികുതി വരുമാനമായ വസ്തുനികുതിയിനത്തിൽ മുൻ വർഷ കുടിശ്ശികകൾ ഉൾപ്പെടെ 27 ലക്ഷം രൂപ 31/03/2025 ബാലൻസ് ഷീറ്റ് (ബി-15 ഷെഡ്യൂൾ)പ്രകാരം പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വസ്തുനികുതി ശീർഷകം	കുടിശിക
1.	431100101 (Residential Current)	455944/-

2.	431100102(Residential Arrear)	492359/-
3.	431100103(Non-Residential Current)	370466/-
4.	431100104(Non-Residential Arrear)	1398258/-
ആകെ		2717027/-

ഭീമമായ തുക ഇത്തരത്തിൽ കുടിശ്ശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് സംബന്ധിച്ചും കുടിശ്ശിക പിരിച്ചെടുക്കുവാൻ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് (നം.35/28.06.25) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് മേൽ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. കുടിശിക അടവാക്കൽ നടപടികളും വിശദാംശങ്ങളും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെയും വഴി സൗകര്യത്തിന്റെയും അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കുന്നു

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പെതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നും തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല.

ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിലും ഒരേ വഴി തന്നെ വ്യത്യസ്ത വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലും വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

ഉടമയുടെ പേര്	കെട്ടിട നമ്പർ	വിസ്തീർണ്ണം (ച.മീ)	മേഖല	റോഡിന്റെ തരം
കെ.എൻ.ശശി, മുണ്ടുവേലിപ്പറമ്പിൽ	III/70 A (പാർപ്പിടാവശ്യം)	98	ദ്വിതീയം	പെരുവ -പിറവം റോഡ് (1.5മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്)
ലക്ഷ്മിക്കുട്ടിയമ്മ, പാട്ടേത്ത്	III/305 E,F (വാണിജ്യം)	53.64	പ്രഥമം	പെരുവ -പിറവം റോഡ് (5മീറ്ററോ അതിൽ കൂടുതൽ വീതിയുള്ള റോഡ്)

ഇപ്രകാരം വ്യത്യസ്ത രീതിയിൽ വസ്തുനികുതി നിർണ്ണയിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് (നം.37/30.06.25) മറുപടി ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തി അപാകത പരിഹരിക്കേണ്ടതാണ്. സമാന രീതിയിൽ മറ്റു കെട്ടിടങ്ങളുടെ അസസ്സ്മെന്റിലും ഇതേ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും വസ്തു നികുതി നിർണ്ണയിച്ചതിലെ

അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

1-15 പൊതുമരാമത്ത് കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല

മുളക്കുളം ഗ്രാമപഞ്ചായത്ത് പരിധിയിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2024-25 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത 14 കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച കരാറുകാരുടെ വിശദാംശം ലഭ്യമായിരുന്നിട്ടും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം തൊഴിൽ നികുതി ചുമത്താതിരുന്നതിന്റെ കാരണം വ്യക്തമല്ല. പഞ്ചായത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ 2024-25 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് കരാർ ചമച്ച ശേഷവും നികുതി ഒടുക്കാത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

ക്രമ നം.	2024-25 ലെ കരാറുകാരുടെ പേരുകൾ
1.	ശ്രീജിത്ത് പി ഡി
2.	കെ കെ ശശിധരൻ നായർ
3.	രെഞ്ജുഷ എം ആർ
4.	അമൽ പി ചാക്കോ
5.	ജിനേഷ് ജേക്കബ്
6.	അജിത് സോമൻ
7.	അബുൽ ഫൈസി പി ബി
8.	കെ റ്റി രവീന്ദ്രൻ നായർ
9.	പി യു രാജു
10.	പോൾ കെ സി
11.	സിജിമോൾ ജോർജ്
12.	ഫിലിപ്പ് എസ്
13.	ബിനോയ് ജോസഫ്
14.	അരവിന്ദ് യു

കരാറുകാർ മറ്റ് തദ്ദേശ സ്ഥാപന പ്രദേശത്തുകൂടി പ്രവർത്തിക്കുന്നവരാണെങ്കിൽ അവരുടെ തൊഴിൽ നികുതി ഒടുക്ക് വിവരം പരിശോധിച്ച് നികുതി ഡിമാന്റ് ചെയ്യേണ്ടതായിരുന്നു. കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. കരാറുകാരുടെ ഡേറ്റ തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കാത്തതിനും അതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (18/26-06-2025) മറുപടി ലഭിച്ചിട്ടില്ല.കരാറുകാരുടെ തൊഴിൽ നികുതി 2024-25 വർഷത്തേത് നടപ്പ് വർഷം കുടിശികയായി Prior Period Tax റവന്യൂ ശീർഷകത്തിൽ അടവാക്കിയ ശേഷം ആയതിന്റെ നികുതി ഒടുക്കിയ രസീതുകളും ഡിമാന്റ് ലിസ്റ്റും സാക്ഷ്യപ്പെടുത്തി മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്.

1-16 തൊഴിൽ നികുതി പിരിവിൽ അപാകതകൾ നിലനിൽക്കുന്നു

1.1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതിചുമത്തേണ്ടതാണ്.എന്നാൽ 2024-25 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ ലിസ്റ്റ്, ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഒടുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

ക്രമ നം.	ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനം	2024-25 നികുതി ഒടുക്കാത്ത അർദ്ധവർഷം
1	റിലയൻസ് സ്മാർട്ട് പെരുവ	1
2	ടി സി എസ് ലിമിറ്റഡ് പെരുവ	1,2
3	ഇൻഡസ്ഇൻഡ് മാർക്കറ്റിംഗ്	1,2
4	ട്രേഡേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി പെരുവ	1
5	മുളക്കുളം കോ ഓപറേറ്റീവ് ബാങ്ക് പെരുവ	1,2
6	കീഴൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്	1

ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന് അതാത് സാമ്പത്തിക വർഷത്തെ വരുമാനം ആയതിനാൽ സമയബന്ധിതമായി നികുതി വരുമാനം ഒടുക്കാതിരിക്കുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നതാണ്. ബാപ്പുജി സെൻട്രൽ സ്കൂൾ, പെരുവ എന്ന സ്ഥാപനത്തിൽ നിന്ന് 2024-25 ഒന്നാം അർദ്ധവർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായും കാണുന്നില്ല. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകെയറിക്ക് (28/28-06-2025) മറുപടി ലഭിച്ചില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതി ഒടുക്കേണ്ട സ്ഥാപനങ്ങളിൽ നിന്നും ആയതും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. 2024-25 തൊഴിൽ നികുതി ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ-നം.	സ്ഥാപനത്തിന്റെ പേര്
1	ആരാധ്യാ ഗോൾഡ് പെരുവ
2	ഓനിക്സ് ഹൈപ്പർ മാർക്കറ്റ്
3	സെന്റ് മേരീസ് ഹോമിയോ ക്ലിനിക് പെരുവ
4	ഫാമിലി ഡെന്റൽ കെയർ പെരുവ
5	സ്നേഹ ഗോൾഡ് പെരുവ
6	കെ എൽ എം ആക്സീവ ഫിൻവെസ്റ്റ് പെരുവ

പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നത് പഞ്ചായത്തിന് നികുതി വരുമാനത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്.വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകെയറിക്ക് (28/28-06-2025) മറുപടി ലഭിച്ചില്ല. തൊഴിൽ നികുതി അടവാക്കുന്നതിനുള്ള സ്ഥാപന ലിസ്റ്റ് വിശദമായ ഫീൽഡ് പരിശോധന നടത്തി പരിഷ്കരിക്കേണ്ടതാണ്.

1-17 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിലെ അപാകതകൾ നിലനിൽക്കുന്നു

1. പഞ്ചായത്ത് ഭണസമിതിയുടെ 2.12.2024 ലെ 20(1) കമ്മിറ്റി തീരുമാനത്തിൽ ,പഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നുണ്ടെന്നും ഈ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ ലൈസൻസ് അദാലത്ത് സംഘടിപ്പിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്.ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (19/26-06-2025)മറുപടി ലഭിച്ചില്ല. ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.ഗ്രാമപഞ്ചായത്തിലെ ട്രേഡർമാരുടെ എണ്ണവും വിവരവും സംബന്ധിച്ച് വാർഡ് അടിസ്ഥാനത്തിൽ കൃത്യമായ ഡാറ്റയായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഔദ്യോഗിക ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പഞ്ചായത്ത് പ്രദേശത്തെ ട്രേഡർമാരുടെ ലൈസൻസ് ഡിമാന്റ് പൂർണ്ണമാണോ എന്നതിൽ വ്യക്തതയില്ല. പഞ്ചായത്ത് വസ്തുനികുതി ഡേറ്റാബേസ് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 1400 എണ്ണത്തിലധികം കെട്ടിടങ്ങൾ വാണിജ്യ-വ്യവസായങ്ങൾ എന്നീ ഉപയോഗക്രമങ്ങളിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. ടി കെട്ടിടങ്ങളിൽ ട്രേഡർമാരെല്ലാം ലൈസൻസ് പരിധിയിലുണ്ടോ എന്ന് വ്യക്തമാക്കുന്ന വിശദാശംങ്ങൾ ലഭ്യമല്ല. പഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ ട്രേഡർമാരുടെ വിവരം ലഭ്യമല്ലാത്തതിനാൽ വാർഡ് അടിസ്ഥാനത്തിൽ ഡി.സി.ബി.-യും തയ്യാറാക്കിയിട്ടില്ല. ട്രേഡർമാരുടെ കൃത്യമായ ഡേറ്റാബേസിന്റെ അഭാവം ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനും കേരള പഞ്ചായത്ത് രാജ് IFTE & OS ലൈസൻസ് ചട്ടങ്ങളുടെ ലംഘനത്തിനും തനത് വരുമാന നഷ്ടത്തിനും ഇടയാക്കും. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഡിമാന്റ് ക്രമീകരിക്കാതെ തുടരുന്നതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (19/26-06-2025) മറുപടി ലഭിച്ചില്ല .പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും Trader's List-ൽ വാർഡ് അടിസ്ഥാനത്തിൽ Building No., Owner/License Holder, Nature Of Business, Capital Investment, Machinary Details, Installed Capacity Horse Power(HP) എന്നീ വിവരങ്ങൾ ചേർത്ത് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകേണ്ടതാണ്.

1-18 IFTE & OS ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്തിരാജ് (ഫ്രാക്ചറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	സ്ഥാപനത്തിന്റെ പേര്
1	ഡോ അനിതാസ് ചേരാത്ത് ഡെന്റൽ ക്ലിനിക്
2	ഫാമിലി ഡെന്റൽ കെയർ
3	എഡെൻസ് ബേക്കറി
4	സബാഷ് ഫർണീഷിംഗ്
5	ഷാലിമാർ ടൈൽസ്
6	കണ്ണംകുഴിയിൽ ഫിനാൻസ്
7	എസ് ജെ സ്റ്റീൽസ്
8	ഫ്ലോറസ്റ്റ പിവിസി
9	ആരാധ്യ ഗോൾഡ്
10	സ്നേഹ ഗോൾഡ്

ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (29/28-06-2025) മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-19 വിവിധ കുടിശ്ശിക തുകകളുടെ വിശദാംശം ലഭ്യമായില്ല

പഞ്ചായത്തിന്റെ 31/03/2025 ലെ ബാലൻസ്ഷീറ്റ് പ്രകാരം B 15 ഷെഡ്യൂളിൽ റെന്റ് റിസീവബിൾസ് ഫ്രം ബിൽഡിംഗ്(അരിയർ) ആയി 32,739 രൂപയും റിസീവബിൾസ് ടുവാർഡ്സ്

മാർക്കറ്റ് റെസീപ്റ്റ് (അരിയർ) ആയി 404,606 രൂപയും കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്.ഈ തുകകൾ ഏത് വർഷത്തെ ആണെന്നും കുടിശ്ശിക വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും രേഖാമൂലം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (17/26-06-2025) മറുപടി ലഭിച്ചിട്ടില്ല.കുടിശ്ശിക വരുത്തിയ വ്യക്തികളുടെ വിവരങ്ങൾ ശേഖരിച്ച് കുടിശ്ശിക തുക പലിശ സഹിതം ഈടാക്കി രേഖാമൂലം അറിയിക്കേണ്ടതാണ്.

1-20 കരിങ്കല്ല് ലേലം - തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

പെരുവ – ചാലുമുഖം റോഡിൽ പഞ്ചായത്ത്പടി ജംഗ്ഷന് സമീപം തകർന്ന പാർശ്വഭിത്തിയുടെ അടിയന്തിര പുനർനിർമ്മാണം എന്ന പ്രോജക്ട് റിവൈസ് ചെയ്ത് കോൺക്രീറ്റ് ആക്കിയതിനാൽ നിർവ്വഹണവേളയിൽ പൊളിച്ച് മാറ്റിയ ഉപയോഗപ്രദമായ 10.8M3 കരിങ്കല്ല് ലേലം ചെയ്യാൻ 14.1.2025 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റി അസിസ്റ്റന്റ് എഞ്ചിനീയറെ (LID & EW) ചുമതലപ്പെടുത്തിയിട്ടുണ്ട് [14.1.2025 ലെ 7(1)]. സ്വീകരിച്ച തുടർനടപടികൾ രേഖാമൂലം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (6/ 25.6.2025) മറുപടി ലഭ്യമാക്കിയില്ല. കരിങ്കല്ല് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-21 സ്ഥിരനിക്ഷേപത്തിൽ നിന്നും കിഴിവ് ചെയ്ത ആദായനികുതി തിരികെ ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ എസ്.ബി.ഐ പെരുവ ശാഖയിൽ ആരംഭിച്ച സ്ഥിരനിക്ഷേപത്തിന് 2024-25 വർഷം ലഭ്യമായ പലിശയിൽ നിന്നും ആദായനികുതി റ്റി.ഡി.എസ് ഇനത്തിൽ തുക കുറവ് ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ.നം.	സ്ഥിരനിക്ഷേപ അക്കൗണ്ട് നം.	നിക്ഷേപിച്ച തീയതി	തുക (രൂപ)	ബാങ്ക്/ട്രഷറി	2024-25 ൽ ലഭിച്ച പലിശ
1	41841840175	17.04.2023	50,00,000	എസ്.ബി.ഐ പെരുവ ശാഖ	473044
2	43061590667	16.05.2023	50,00,000	എസ്.ബി.ഐ പെരുവ ശാഖ	

സ്ഥിരനിക്ഷേപ പലിശയായി 4,89,149/- രൂപ ലഭിയ്ക്കണ്ടതിന് പകരം 16105/- രൂപ ടിഡിഎസ് ഇനത്തിൽ കുറവ് ചെയ്ത് 4,73,044/- രൂപയാണ് സ്ഥിരനിക്ഷേപ പലിശ ഇനത്തിൽ പഞ്ചായത്തിന് ലഭിച്ചത്.

1961 ലെ ആദായനികുതി നിയമം സെക്ഷൻ 10 (20) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനത്തെ ആദായനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിന് ഇത്തരത്തിൽ കുറവ് ചെയ്ത തുക തിരികെ ലഭ്യമാകുവാൻ അർഹതയുള്ളതായി കാണുന്നു. ബാങ്ക് റ്റി.ഡി.എസ് ആയി കുറവ് ചെയ്ത തുക തിരികെ ലഭ്യമാക്കുവാൻ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻകയറി നം.38/30.06.2025 ന് ലഭ്യമാക്കിയ മറുപടിയിൽ ബാങ്കിൽ കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചു.
ടിഡിഎസ് ഇനത്തിൽ ബാങ്ക് ഈടാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചതിന്റെ വിശദാംശം അറിയിയേക്കണ്ടതാണ്.

1-22 ഇ.ടെണ്ടർ ഫീസ് പഞ്ചായത്തിന് പൂർണ്ണമായി ലഭിച്ചില്ല.

ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനും മറ്റുമായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (A/C No.37128556834). 9.9.24 വരെ ടെണ്ടർഫീസ് ഇനത്തിൽ കറന്റ് അക്കൗണ്ടിലേക്ക് ലഭിച്ച 187773/- രൂപ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർക്രഡിറ്റ് ചെയ്തിട്ടുണ്ട്. 31.3.2025 ൽ ഈ അക്കൗണ്ടിൽ 39555.50 /- രൂപ ബാലൻസുണ്ട്. ആയത് കൂടി ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ടിലേക്ക് അടവാക്കാൻ അവശേഷിക്കുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (32/ 28.6.2025) മറുപടി ലഭ്യമായില്ല. ടെണ്ടർഫീസ് ഇനത്തിൽ അവശേഷിക്കുന്ന 39555.50 /- രൂപ തനത് ഫണ്ടിലേക്ക് തിരികെ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-23 റിഡംപ്ഷൻ തുക 1,41,047/- രൂപ തിരികെ ലഭിച്ചിട്ടില്ല.

2023-24 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിയേ്ക്കണ്ട റിഡംപ്ഷൻ തുക 12041164/- രൂപയായിരുന്നു. 2024-25 ൽ ലഭിച്ചത് 11900117/- രൂപയാണ്. 1,41,047/- രൂപ കുറവാണ് ലഭിച്ചത്. ടി തുക ലഭ്യമാകുന്നതിന് സ്വീകരിച്ച തുടർ നടപടി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം.15/25.06.2025 ന് ലഭ്യമാക്കിയ മറുപടിയിൽ ടി തുകകൾ ട്രഷറിയിൽ നിന്നും സർക്കാരിലേയ്ക്ക് പിൻവലിച്ച തുകയാണെന്നും നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല എന്നും അറിയിച്ചു. കുറവായി ലഭിച്ച റിഡംപ്ഷൻ തുക 1,41,047/- രൂപ ലഭിയ്ക്കുന്നതിന് തുടർ നടപടി സ്വീകരിയേ്ക്കണ്ടതാണ്.

1-24 കാലിബാരൽവില – നിശ്ചിത ശീർഷകങ്ങളിൽ അടവാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കാലിബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് (നമ്പർ 799013000000154) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയേ്ക്കണ്ടതാണ്. ആയതിനാൽ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. വാർഷികധനകാര്യപത്രികയുടെ RP5 ശീർഷകം 150120102 പ്രകാരം Sale Of Empties And Waste ഇനത്തിൽ തൻവർഷ വരവിൽ കാലി ബാരൽ, ജി.എസ്.റ്റി ഇനങ്ങളിലുള്ള തുക പരിശോധിച്ച് നിശ്ചിത ശീർഷകങ്ങളിൽ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ് . അപാകത പരിഹരിച്ച ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-25 വനിതാ ഗ്രൂപ്പിന് ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ്- ചെലവ് വിശദാംശങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയില്ല

പ്രോജക്ട് നം.പേര്	S0089/25, ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ്-വനിത ഗ്രൂപ്പ്
അടങ്കൽ	വികസനഫണ്ട് (ജനറൽ)- 300000/-
ചെലവ്	124420/-
ബിൽ നം.	248/17.12.24
നിർവ്വഹണോദ്യോഗസ്ഥ	വി.ഇ.ഒ (പെരുവ സർക്കിൾ)

മേൽ സൂചിത പ്രോജക്ടിലുൾപ്പെടുത്തി ഫുഡ് പ്രോസസിംഗ് യൂണിറ്റ് നടത്തുന്നതിന് 248/17.12.2024 ലെ ബിൽ പ്രകാരം 124420/- രൂപ മീൻസ് ഓവൻ എന്ന ഗ്രൂപ്പിന് കൈമാറിയിട്ടുണ്ട്. 28.05.2022 ലെ സ.ഉ(കൈ)നം.115/2022/തസ്വഭവ നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഫുഡ് പ്രോസസ്സിംഗ് യൂണിറ്റിനായുള്ള ആകെ അടങ്കൽ തുകയുടെ 50% (പരമാവധി 150000/- രൂപ) തുകയാണ് സബ്സിഡിയായി അനുവദിക്കാവുന്നത്. പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനായി വാങ്ങിയ മെഷീൻ, ഉപകരണങ്ങൾ എന്നിവയ്ക്കായി ചെലവാക്കിയ 124420/-രൂപയുടെ ബില്ലുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് കാണുന്നു. സബ്സിഡി തുക ആകെ ചെലവഴിച്ച തുകയുടെ 50% ആയിരിക്കെ ബിൽ പ്രകാരം സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായി ചെലവായ മുഴുവൻ തുകയും സബ്സിഡിയായി നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.23/26.06.25) മറുപടിയായി 23295/- രൂപയുടെ ബില്ലുകൾ കൂടി ഹാജരാക്കുകയും ആകെ 248840/- രൂപയുടെ ബില്ലുകൾ ഉണ്ടായിരുന്നുവെന്നും ഗുണഭോക്താവ് സമർപ്പിച്ച ബില്ലുകളിൽ 4 എണ്ണം അറിയാതെ നഷ്ടപ്പെട്ടു പോയതാണെന്നും നിർവ്വഹണോദ്യോഗസ്ഥ വിശദീകരണം ലഭ്യമാക്കുകയും ചെയ്തു. പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട്, ബാക്കി ചെലവ് തുകകളുടെ ബില്ലുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. വിശദാംശങ്ങൾ ലഭ്യമാക്കുന്നത് വരെ 124420/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-26 മിനി ഡയറി ഫാം ആധുനികവത്ക്കരണം--ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല.

പ്രോജക്ട്	നം. S0070/25, മിനി ഡയറി ഫാം ആധുനികവത്ക്കരണം – ജനറൽ
അടങ്കൽ	2,00,000/- രൂപ
ചെലവ്	1,00,000/- രൂപ
ഫണ്ടിനം	വികസനഫണ്ട്-ജനറൽ
ബിൽ നം./തീയതി	731/20.03.2025-21170/- രൂപ 737/21.03.2025-28830/- രൂപ 696/15.03.2025-50000/- രൂപ ആകെ-1,00,000/- രൂപ
നിർവഹണോദ്യോഗസ്ഥൻ	ഡയറി ഫാം 2197pxഇൻസ്ട്രക്ടർ

സ.ഉ.(കൈ.)നം.115/2022/തസ്വഭവ തീയതി 28.05.2022, ഖണ്ഡിക 2.15(Ii) ൽ മൃഗസംരക്ഷണം മേഖലയിൽ ധനസഹായം നൽകുന്നതിന് കുടുംബവാർഷിക വരുമാനപരിധി 5 ലക്ഷം രൂപയാണ്. എന്നാൽ വരുമാനം തെളിയിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥന്റെ സാക്ഷ്യപത്രമോ വരുമാന സർട്ടിഫിക്കറ്റോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ പ്രോജക്ടിനായി ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ഡയറി ഫാമിലേയ്ക്ക് വിവിധ ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ തുക നൽകിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര്	നൽകിയ ഉപകരണം, തുക	റിമാർക്സ്
ബിജുമോൻ കെ.വി, കാപ്പിക്കര പുത്തൻപുരയിൽ	Powerbilt Pressure Washer-4700/- Wheel Rolling-4100/- ആകെ-8800/- രൂപ	അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് ഇല്ല.
ബിനോയ് റ്റി.വി., കൊച്ചുതുരുത്തേൽ	2400/- രൂപയുടെ ഉപകരണം High Power Hose & Washer-4365/- Rubber Cow Mat-5605/- ആകെ-12370/- രൂപ	മേൽ ഉത്തരവ് ഖ.6.2(13) ൽ അപേക്ഷകന് 5 പശുക്കൾ ഉണ്ടാകണം എന്ന് നിഷ്ക്കർഷിയ്ക്കുന്നുണ്ട്. അപേക്ഷ പ്രകാരം 4 പശുക്കൾ ആണുള്ളത്. വരുമാന സർട്ടിഫിക്കറ്റ് ഇല്ല.
കലേഷ് ടി വിശ്വൻ	മിൽക്കിംഗ് മെഷീൻ-48000/- രൂപ വീൽ ബാരോ-2000/- ആകെ-50,000/- രൂപ	അപേക്ഷ, വരുമാനസർട്ടിഫിക്കറ്റ്, പശുക്കളുടെ എണ്ണം എന്നിവ ഇല്ല. ഉപകരണം വാങ്ങിയ ബിൽ മാത്രമാണ് ഫയലിൽ ഉള്ളത്
സന്തോഷ് വി.ടി.	ടാക്സ് ഇൻവോയ്സ് ബിൽ ഇല്ലാത്തതിനാൽ ഉപകരണം ഏതെന്ന് വ്യക്തമല്ല-17500/- രൂപ	അപേക്ഷ, വരുമാനസർട്ടിഫിക്കറ്റ്, പശുക്കളുടെ എണ്ണം എന്നിവ ഇല്ല. വാങ്ങിയ ഉപകരണത്തിന്റെ വിശദാംശം ഇല്ല. കാഷ് രസീത് മാത്രമാണ്

		ഫയലിൽ ഉള്ളത്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.
ശാന്തിനി	ടാക്സ് ഇൻവോയ്സ് ബില്ലിന്റെ പകർപ്പിൽ വ്യക്തത ഇല്ലാത്തതിനാൽ ഉപകരണം ഏതെന്ന് വ്യക്തമല്ല-4400/- രൂപ ടാക്സ് ഇൻവോയ്സ് ബിൽ ഇല്ലാത്തതിനാൽ ഉപകരണം ഏതെന്ന് വ്യക്തമല്ല-4325/ ആകെ-8725/-	അപേക്ഷ, വരുമാനസർട്ടിഫിക്കറ്റ്, പശുക്കളുടെ എണ്ണം എന്നിവ ഇല്ല. വാങ്ങിയ ഉപകരണത്തിന്റെ വിശദാംശം ഇല്ല.
മനോജ് പി.എം.	2605/- രൂപ	അപേക്ഷ, വരുമാനസർട്ടിഫിക്കറ്റ്, പശുക്കളുടെ എണ്ണം എന്നിവ ഇല്ല. വാങ്ങിയ ഉപകരണത്തിന്റെ വിശദാംശം ഇല്ല. ടിയാന്റെ അക്കൌണ്ടിലേയ്ക്ക് തുക നൽകിട്ടുള്ള രേഖ മാത്രമാണ് ഫയലിൽ ഉള്ളത്.

മേൽ പരാമർശത്തിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട ഓഡിറ്റ് എൻകയറി നം.30/28.06.2025 ന് മറുപടി ലഭ്യമാക്കിയില്ല. അടിസ്ഥാന രേഖകളായ അപേക്ഷ, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഇല്ലാതെ ആനുകൂല്യം നൽകിയിട്ടുള്ളതും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കാതിരുന്നതിനാലും പ്രോജക്ട് പ്രകാരം ആനുകൂല്യം ലഭിച്ചത് അർഹതപ്പെട്ടവർക്കാണോ എന്നതിൽ വ്യക്തത ഇല്ലാത്തതിനാലും ടി പ്രോജക്ടിന് ചെലഴിച്ച 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് ഫയലുകൾ മറ്റ് അനുബന്ധ വിവരങ്ങൾ എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-27 രേഖകളില്ലാതെ സബ്സിഡി ആനുകൂല്യം നൽകി

പ്രോജക്ട്	നം.S0363/25, കാലിത്തീറ്റ സബ്സിഡി
അടങ്കൽ	6,00,000/- രൂപ
ചെലവ്	3,00,000/- രൂപ
ഫണ്ടിനം	വികസനഫണ്ട്-ജനറൽ
ബിൽ നം./തീയതി	654/10.03.2025-236840/- രൂപ 694/15.03.2025- 60,900/- രൂപ 730/20.03.2025-2260/- രൂപ ആകെ-3,00,000/- രൂപ
നിർവഹണോദ്യോഗസ്ഥൻ	ഡയറി ഫാം ഇൻസ്ട്രക്ടർ

മേൽ പ്രോജക്ട് പ്രകാരം മുളക്കുളം ഗ്രാമപഞ്ചായത്തിലെ കാരിക്കോട്, മുളക്കുളം, പെരുവ, ആപ്പാഞ്ചിറ, അവർമ, കുന്നപ്പിള്ളി എന്നീ ക്ഷീരസംഘങ്ങളിലെ അംഗങ്ങൾക്ക് കാലിത്തീറ്റ വാങ്ങിയതിന് ആനുകൂല്യം നൽകിയിട്ടുണ്ട്.

1) മേൽ ബിൽ പ്രകാരം കാരിക്കോട് ക്ഷീരസംഘത്തിന് 97820/- രൂപയും, അവർമ്മ ക്ഷീരസംഘത്തിന് 23160/- രൂപയും കുന്നപ്പള്ളി ക്ഷീരസംഘത്തിന് 60900/- രൂപയും നൽകിയതിൽ കേരള ഫീഡ്സിൽ നിന്നുള്ള ടാക്സ് ഇൻവോയ്സ്, ക്ഷീരസംഘങ്ങളിൽ നിന്നുള്ള കാലിത്തീറ്റവിതരണ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബിൽ പകർപ്പ് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.
2) കാലിത്തീറ്റ വില കേരളഫീഡ്സിന്റെ അക്കൗണ്ടിലേയ്ക്ക് നൽകാതെ ക്ഷീരസംഘങ്ങളുടെ അക്കൗണ്ടിലേയ്ക്ക് നൽകിയതിന്റെ കാരണം വ്യക്തമല്ല.
3) പെരുവ ക്ഷീരസംഘത്തിൽ നിന്നും ലഭ്യമാക്കിയ കേരള ഫീഡ്സിന്റെ ടാക്സ് ഇൻവോയ്സ് പ്രകാരം ഒരു ചാക്ക് കാലിത്തീറ്റയുടെ വില 1288/- രൂപയാണ്. എന്നാൽ പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയിരിയ്ക്കുന്നത് ഒരു ചാക്കിന് 1340/- രൂപ നിരക്കിൽ ആണ്. 50% സബ്സിഡി നിരക്കിൽ 2 ചാക്ക് ആണ് ഒരാൾക്ക് നൽകിയിരിയ്ക്കുന്നത്. 35 അംഗങ്ങൾക്ക് ആനുകൂല്യം നൽകിയതിൽ 35x52=1820/- രൂപ അധികം നൽകിയിട്ടുണ്ട്.
4) ആപ്പാഞ്ചിറ ക്ഷീരസംഘത്തിൽ നിന്നും ലഭ്യമാക്കിയ കേരള ഫീഡ്സിന്റെ ടാക്സ് ഇൻവോയ്സ് പ്രകാരം ഒരു ചാക്ക് കാലിത്തീറ്റയുടെ വില 1394/- രൂപയാണ്. എന്നാൽ പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയിരിയ്ക്കുന്നത് ഒരു ചാക്കിന് 1450/- രൂപ നിരക്കിൽ ആണ്. 50% സബ്സിഡി നിരക്കിൽ 2 ചാക്ക് ആണ് ഒരാൾക്ക് നൽകിയിരിയ്ക്കുന്നത്. 14 അംഗങ്ങൾക്ക് ആനുകൂല്യം നൽകിയതിൽ 14x56=784/- രൂപ അധികം നൽകിയിട്ടുണ്ട്.
5) മുളക്കുളം ക്ഷീരസംഘത്തിൽ നിന്നും ലഭ്യമാക്കിയ കേരള ഫീഡ്സിന്റെ ടാക്സ് ഇൻവോയ്സ് പ്രകാരം ഒരു ചാക്ക് കാലിത്തീറ്റയുടെ വില 1288/- രൂപയാണ്. എന്നാൽ പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയിരിയ്ക്കുന്നത് ഒരു ചാക്കിന് 1340/- രൂപ നിരക്കിൽ ആണ്. 50% സബ്സിഡി നിരക്കിൽ 2 ചാക്ക് ആണ് ഒരാൾക്ക് നൽകിയിരിയ്ക്കുന്നത്. 38 അംഗങ്ങൾക്ക് ആനുകൂല്യം നൽകിയതിൽ 38x52=1976/- രൂപ അധികം നൽകിയിട്ടുണ്ട്.
കാരിക്കോട്, കുന്നപ്പിള്ളി, അവർമ്മ എന്നീ സംഘങ്ങളിൽ നിന്നുള്ള ടാക്സ് ഇൻവോയ്സ് ഇല്ലാത്തതിനാൽ അധികമായി നൽകിയ തുക കണക്കാക്കാൻ സാധിച്ചില്ല.
മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറി നം.31/28.06.2025 ന് മറുപടി ലഭ്യമാക്കിയില്ല.
വ്യക്തമായ ചെലവ് രേഖകളുടെ അഭാവത്താലും ഓഡിറ്റ് എൻകെയറിക്ക് മറുപടി ലഭ്യമാകാത്തതിനാലും 300000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കേരളാഫീഡ്സിൽ നിന്നും കാലിത്തീറ്റവാങ്ങിയതിന്റെ മുഴുവൻ ടാക്സ് ഇൻവോയ്സ് ബില്ലുകളും ഓഡിറ്റിൽ ഹാജരാക്കേണ്ടതും മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. അധികച്ചെലവുണ്ടായിട്ടുണ്ടെങ്കിൽ ആയത് നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-28 കളക്ടേഴ്സ് അറ്റ് ഹോം- ആവശ്യകത നിർണ്ണയിക്കാതെ ബിന്നുകൾ വാങ്ങി- വിതരണം പൂർത്തീകരിച്ചില്ല

പ്രോജക്ട് നം.പേര്	S0095/25, കളക്ടേഴ്സ് അറ്റ് ഹോം- ഗാർഹിക തലത്തിൽ ഹരിതകർമ്മ സേനയ്ക്ക് നൽകുന്നതിന് അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സൂക്ഷിക്കുന്നതിനുള്ള ബിൻ വിതരണം
അടങ്കൽ	ധനകാര്യകമ്മീഷൻ ഗ്രാന്റ്- 400000/- തനത് ഫണ്ട് – 500/- ഗുണഭോക്തൃ വിഹിതം- 44500/- ആകെ- 445000/-
ചെലവ്	ധനകാര്യകമ്മീഷൻ ഗ്രാന്റ്- 198500/-
ബിൽ നം.	658/27.03.25
നിർവ്വഹണോദ്യോഗസ്ഥൻ	വി.ഇ.ഒ മുളക്കുളം സർക്കിൾ

ഗാർഹിക തലത്തിൽ ഹരിതകർമ്മസേനയ്ക്ക് നൽകുന്നതിനായി അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സൂക്ഷിക്കുന്നതിനുള്ള ബിന്നുകൾ വിതരണം ചെയ്യുന്നതിന് വേണ്ടി ആവിഷ്ക്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്. പ്രസ്തുത പ്രോജക്ടിനായി Gem പോർട്ടൽ മുഖേന Green Dot Solutions എന്ന സ്ഥാപനത്തിൽ നിന്നും ഒരു ബിന്നിന് 440.99 രൂപ നിരക്കിൽ 500 ബിന്നുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ബിൽ പ്രകാരം സ്ഥാപനത്തിന് നൽകിയത് 198500/- രൂപ മാത്രമാണ്. പ്രോജക്ടിനായി ഗുണഭോക്തൃ വിഹിതമായി 44500/- രൂപ അടങ്കൽ വയ്ക്കുകയും 68 ഗുണഭോക്താക്കളിൽ നിന്നും 44 രൂപ നിരക്കിൽ ഗുണഭോക്തൃ വിഹിതം ഈടാക്കുകയും ചെയ്തെങ്കിലും പ്രസ്തുത തുക ചെലവഴിച്ചിട്ടില്ല. 68 ഗുണഭോക്താക്കൾക്ക് ബിന്നുകൾ വിതരണം ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്ത് ഓഫീസിൽ തന്നെ വളരെയധികം ബിന്നുകൾ വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. 500 ബിന്നുകൾ വാങ്ങുകയും 68 ഗുണഭോക്താക്കൾ മാത്രം ഗുണഭോക്തൃവിഹിതം അടവാക്കുകയും ചെയ്ത സാഹചര്യത്തിൽ ആവശ്യത്തിന് ഗുണഭോക്താക്കളെ ഉറപ്പാക്കാതെയാണ് ബിന്നുകൾ വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാണ്. വാങ്ങിയ ബിന്നുകൾ പൂർണ്ണമായും വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ചും ആവശ്യത്തിന് ഗുണഭോക്താക്കളെ ഉറപ്പാക്കാതെ ബിന്നുകൾ വാങ്ങിയത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് (21/26.06.25)ബാക്കി ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതം ഈടാക്കി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വി.ഇ.ഒ മറുപടി ലഭ്യമാക്കി. വിതരണം ചെയ്യാതെ അവശേഷിക്കുന്ന ബിന്നുകൾ പൂർണ്ണമായും വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതും ഭാവിയിൽ ആവശ്യകത നിർണ്ണയിച്ച് മാത്രം ഇത്തരം വാങ്ങലുകൾ നടത്തേണ്ടതുമാണ്. വിതരണം പൂർത്തിയാക്കുന്നത് വരെ അവശേഷിക്കുന്ന 432 ബിന്നുകൾക്കുള്ള ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള 171500/- (440.99 – 44 ഗുണഭോക്തൃ വിഹിതം = 396.99 X 432 = 171500) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-29 മാലിന്യ നിക്ഷേപം തടയാൻ സി.സി.റ്റി.വി- പ്രവൃത്തി പൂർത്തിയായില്ല.

പ്രോജക്ട് നമ്പർ	S0345/25
പ്രോജക്ടിന്റെ പേര്, ഫണ്ടിനം	മാലിന്യ നിക്ഷേപം തടയുന്നതിനായി പൊതു സ്ഥലങ്ങളിൽ സി.സി.റ്റി.വി തനത്ഫണ്ട്
അടങ്കൽ ചെലവ്	300000/- 144232/-
വൗച്ചർ നമ്പർ , തീയതി	22401247/29.3.2025
നിർവ്വഹണോദ്യോഗസ്ഥ	അസിസ്റ്റന്റ് സെക്രട്ടറി

പൊതു സ്ഥലങ്ങളിൽമാലിന്യ നിക്ഷേപം തടയാൻ സി.സി.റ്റി.വി സ്ഥാപിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. അക്രെഡിറ്റഡ് ഏജൻസിയായ Centre For Development Of Imaging Technology , തിരുവനന്തപുരം (C- DIT) 6 ക്യാമറകൾ സ്ഥാപിക്കുവാൻ 288464/ രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ആയതിന്റെ 50% തുകയായ 144232/- രൂപ C- DIT ന് കൈമാറുകയും ചെയ്തു. 22.3.2025 ലാണ് സ്ഥാപനവുമായി കരാറിലേർപ്പെട്ടത് . കരാർ വ്യവസ്ഥ പ്രകാരം കരാർ തീയതി / മുൻകൂർ കൈമാറിയ തീയതി മുതൽ 90 ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ പ്രവൃത്തി

പൂർത്തീകരിച്ച് ബാക്കി തുക നൽകിയതായി കാണുന്നില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻകുയറി (9/ 25.6.2025) നൽകുകയുണ്ടായി. ക്യാമറയുടെ അപര്യാപ്തത മൂലമാണ് പ്രവർത്തി നിർവ്വഹിക്കാത്തതെന്നും ജൂലൈ 10 തീയതിക്കകം ക്യാമറ സ്ഥാപിക്കുമെന്ന് C- DIT ഉറപ്പ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. പ്രവൃത്തി പൂർത്തിയാക്കിയ ശേഷം രേഖാമൂലം വിവരം അറിയിക്കുന്നതുവരെ 144232/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 ആട് വളർത്തൽ-വരുമാന പരിധി പരിശോധിക്കാതെ സബ്സിഡി അനുവദിച്ചു.

പ്രോജക്ട് നമ്പർ	S0180/25
പ്രോജക്ടിന്റെ പേര്, ഫണ്ടിനം	വനിതകൾക്ക് പെണ്ണാട് വിതരണം

	വികസനഫണ്ട് (ജനറൽ)
ചെലവ്	77000/-
ബിൽ നമ്പർ , തീയതി	5/20.5.2024
നിർവ്വഹണോദ്യാഗസ്ഥൻ	വെറ്ററിനറി സർജൻ

ജനറൽ വിഭാഗത്തിൽ പെടുന്ന 11 ഗുണഭോക്താക്കൾക്ക് ആടിനെ വാങ്ങിയതിന് 7000 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട് (യൂണിറ്റ് കോസ്റ്റ് 14000). തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 28.5.2022 ലെ സ.ഉ (കൈ) 115/2022 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 2.15 പ്രകാരം മൃഗസംരക്ഷണമേഖലയിലെ ഉൽപ്പാദനപ്രോജക്ടുകൾക്ക് ജനറൽ വിഭാഗങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി അഞ്ച് ലക്ഷം രൂപയാണ്. എന്നാൽ ശ്രീമതി സുജാ രവികുമാർ, കാർത്തിക വീട് (വാർഡ് 1) എന്ന ഗുണഭോക്താവിന്റെ റേഷൻകാർഡ് പ്രകാരം കുടുംബത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർ ഉള്ളതായി കാണുന്നു. എന്നാൽ കുടുംബ വാർഷിക വരുമാന പരിധി തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (1/ 25.6.2025) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 7000/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. കുടുംബ വാർഷിക വരുമാന പരിധി തെളിയിക്കുന്ന രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-31 അവർമ്മ സ്കൂളിൽ മിനിപാർക്ക് - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ട് നമ്പർ	S0273/25
പ്രോജക്ടിന്റെ പേര്, ഫണ്ടിനം	പഞ്ചായത്തിന് വിട്ടുകിട്ടിയസ്കൂളുകളിൽ മിനിപാർക്ക് വികസനഫണ്ട് (ജനറൽ)
അടങ്കൽ	258495/- വികസന ഫണ്ട്
ചെലവ്	213784/-
ബിൽ നമ്പർ , തീയതി	787/24.3.2025
നിർവ്വഹണോദ്യാഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ, LID & EW
എം.ബുക്ക് നമ്പർ	LSGD/CELSGD/EB/8446/2024-511

ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയ സ്കൂളുകളിൽ മിനിപാർക്ക് സ്ഥാപിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. തൻവർഷം അവർമ്മ എൻ.എസ്.എസ് എൽ.പി.എസിൽ പാർക്ക് സ്ഥാപിക്കുന്നതിനായി ഇ.ടെണ്ടർ ക്ഷണിക്കുകയും ശ്രീ ഫിലിപ്പ് എസ്, ഇല്ലിക്കൽവീട് എന്ന കരാറുകാരൻ മുഖേന പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തു. 27.6.2025 ന് സ്ഥലത്ത് പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. സൈഡ് കെട്ടി മണ്ണിട്ട് ഗ്രൗണ്ട് ലെവലിൽ നിന്ന് ഉയർത്തി പ്ലാറ്റ് ഫോം നിർമ്മിക്കുകയും ആയതിന് ഫെൻസിംഗ് നൽകുകയുമാണ് പ്രോജക്ട് പ്രകാരം ചെയ്തിരിക്കുന്ന പ്രവൃത്തി. മിനിപാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് തുടർപ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. പ്രോജക്ട് ലക്ഷ്യം കാണുവാൻ 2025 -26 വർഷം സ്വീകരിക്കുന്ന നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നമ്പർ 26/28.6.2025) 2025-26 വർഷം പ്രോജക്ട് രൂപീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. പ്രോജക്ട് ലക്ഷ്യം കൈവരിച്ച ശേഷം വിവരം അറിയിക്കേണ്ടതാണ്.

1-32 മിനിവയോജന പാർക്ക് - അപാകതകൾ.

പ്രോജക്ട് നമ്പർ	S0214/25
പ്രോജക്ടിന്റെ പേര്, ഫണ്ടിനം	വാർഡ് 10 ൽ അറുന്നൂറ്റിമംഗലം അങ്കണവാടിയോടനുബന്ധിച്ച് മിനിവയോജനപാർക്ക്. വികസനഫണ്ട് (ജനറൽ)
അടങ്കൽ	500000/- വികസന ഫണ്ട്
ചെലവ്	500000/-

ബിൽ നമ്പർ , തീയതി	493/15.1.2025
നിർവ്വഹണോദ്യാഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ, LID & EW
എം.ബുക്ക് നമ്പർ	LSGD/CELSGD/EB/90602/2023- 511

വാർഡ് 10 ൽ അറുന്നൂറ്റിമംഗലം അങ്കണവാടിയോടനുബന്ധിച്ച് മിനിവയോജനപാർക്ക് സ്ഥാപിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. പാർക്ക് സ്ഥാപിക്കുന്നതിനായി ഇ.ടെണ്ടർ ക്ഷണിക്കുകയും ശ്രീ ഫിലിപ്പ് എസ്, ഇല്ലിക്കൽവീട് എന്ന കരാറുകാരൻ മുഖേന പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തു. 27.6.2025 ന് സ്ഥലത്ത് പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് ചുറ്റമതിൽ കെട്ടി ഗേറ്റ് സ്ഥാപിക്കുകയാണ് നിലവിൽ ചെയ്തിരിക്കുന്ന പ്രവൃത്തി. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മിനിവയോജനപാർക്ക് സ്ഥാപിക്കാൻ നിലവിൽ പ്രവൃത്തി നിർവ്വഹിച്ച സ്ഥലം പ്രോജക്ടിന്റെ ലക്ഷ്യം സാധിക്കാൻ ഉതകുന്നതല്ല എന്ന് പ്രാദേശികപരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഗതാഗതസൗകര്യമില്ലാത്തതും ഒരു വശത്ത് നിറഞ്ഞ് കവിഞ്ഞ വലിയൊരു കുളവുമടങ്ങുന്നതാണ് പ്രസ്തുത പ്രദേശം. കുളം കരകവിഞ്ഞ് പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിലൂടെ ഒഴുകി പോകുന്ന അവസ്ഥയാണ് നിലവിലുള്ളത്.

2) 2019-20 വർഷം പ്രോജക്ട് നമ്പർ-98/2020 പ്രകാരം വികസനഫണ്ടിൽ നിന്ന് 319516/- രൂപ ചെലവഴിച്ച് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി കടുത്തുരുത്തി ബ്ളോക്ക് പഞ്ചായത്ത് പ്രസ്തുത സ്ഥലത്ത് ലൈഫ് മിഷൻ പദ്ധതിക്കായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും സംയോജിപ്പിച്ച് ഭവനനിർമ്മാണസാമഗ്രികളുടെ യൂണിറ്റുകൾ തുടങ്ങുക (ഇഷ്ടികക്കളം) എന്ന ലക്ഷ്യത്തോടെ ഇതേ സ്ഥലത്ത് വർക്ക് ഷെഡും വാട്ടർടാങ്കും നിർമ്മിച്ച് നൽകിയിരുന്നു. തുടർപ്രവർത്തനങ്ങൾ നടക്കാത്തതിനാൽ ആയതിന് മുൻ വർഷങ്ങളിൽ ഓഡിറ്റ് തടസ്സമുള്ളതുമാണ്.

3) നിലവിൽ പ്രസ്തുത സ്ഥലത്ത് മിനി എം.സി.എഫും സ്ഥാപിച്ചിട്ടുള്ളതായി കാണുന്നു.

4) പ്രോജക്ട് ലക്ഷ്യം കാണാൻ സ്വീകരിച്ച തുടർപ്രവർത്തനങ്ങൾ വ്യക്തമല്ല.

മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി (നമ്പർ 27/28.6.2025) നൽകുകയുണ്ടായി. തൻവർഷം ചുറ്റുമതിൽകെട്ടി ആസ്തി സംരക്ഷിക്കുകയാണ് ചെയ്തതെന്നും സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് 2025 -26 വർഷത്തെ വാർഷികപദ്ധതിയിൽ പ്രവൃത്തി പൂർത്തിയാക്കുമെന്നും മറുപടി ലഭ്യമാക്കി. പ്രോജക്ട് ലക്ഷ്യം കൈവരിച്ച ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-33 പൊതുശ്മശാനത്തിന്റെ ആധുനികവൽക്കരണം - പൂർത്തിയായില്ല.

മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ ബ്ളോക്ക് നമ്പർ 22 ൽ റീ സർവ്വേ നമ്പർ 717/3 ൽ പെട്ട 11.51 ആർ സ്ഥലം വർഷങ്ങളായി പൊതുശ്മശാനമായി ഉപയോഗിച്ച് വരികയാണ്. പ്രസ്തുത പൊതുശ്മശാനത്തിന്റെ ആധുനികവൽക്കരണം നടത്തി ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുക എന്നതായിരുന്നു ഗ്രാമപഞ്ചായത്തിന്റെ ലക്ഷ്യം. 2020-21 കാലയളവ് മുതൽ പ്രസ്തുത ലക്ഷ്യം മുൻനിർത്തി ഭരണസമിതി പ്രവർത്തനങ്ങൾ നടത്തിവരുകയാണ്. പ്രവൃത്തിയുടെ നിർവ്വഹണം അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ്ഫാർഡിനെ ചുമതലപ്പെടുത്തുകയും 12.5.21 ലെ 3(1) , 27.8.21 ലെ 57(1) ലെ കമ്മറ്റി തീരുമാനങ്ങൾ പ്രകാരം റഫ് കോസ്റ്റ് എസ്റ്റിമേറ്റ് അംഗീകരിക്കുകയും ചെയ്തു. വികസനഫണ്ട് വിഹിതമായി 20 ലക്ഷം രൂപയും ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി 10 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 40 ലക്ഷം രൂപയും ഉൾപ്പെടെ 70 ലക്ഷം രൂപയായിരുന്നു അടങ്കൽ കണക്കാക്കിയിരുന്നത്. DCKTM/226/2022-1-H1 DT 11.3.22 ഉത്തരവ് പ്രകാരം ജില്ലാകളക്ടർ ശ്മശാനത്തിന് നിർമ്മാണാനുമതി നൽകി. DSR 2018 പ്രകാരം കോസ്റ്റ്ഫാർഡ് ചുവടെ ചേർക്കും പ്രകാരം എസ്റ്റിമേറ്റ് പുതുക്കി നൽകുകയുണ്ടായി.

പാർട്ട് 1	സിവിൽ, ഇലക്ട്രിക്, പ്ളംബിംങ്ങ് (12% GST ഉൾപ്പെടെ)	49,65,620/-	NON PMC
പാർട്ട് 2	ഗ്യാസ് ഫർണ്ണസ്, അനുബന്ധ ഉപകരണങ്ങൾ	36,57,709/-	PMC
	ആകെ	86,23,329/-	

18.3.22 ലെ 1(1) തീരുമാനപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചു. 26.3.22 ൽ കോസ്റ്റ്ഫാർഡുമായി നിർമ്മാണകരാറിലേർപ്പെടുകയും ചെയ്തു (നമ്പർ 055/21-22). നാളിതുവരെയുള്ള ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	പ്രോജക്ട് നമ്പർ	ചെലവ് തുക ഫണ്ടിനം	ചെയ്ത പ്രവൃത്തി	നിർവ്വഹണോദ്യോഗസ്ഥൻ
2021-22	124/22	655083/- ധനകാര്യകമ്മീഷൻ ഗ്രാന്റ്	മുൻകൂർ തുക	സെക്രട്ടറി
2022-23	62/23	2000000(CFC)+752234 (ബ്ലോക്ക് വിഹിതം) ആകെ2752234/-	കെട്ടിടനിർമ്മാണം	സെക്രട്ടറി
2022-23	246/23	321700(പദ്ധതി വിഹിതം ജനറൽ)+414938(CFC) ആകെ 736638/	കെട്ടിടനിർമ്മാണം	സെക്രട്ടറി
2023-24	192/24	31,91000/- ജില്ലാപഞ്ചായത്ത് വിഹിതം	സിവിൽ വർക്കുകൾക്കും ഫർണസ് സ്ഥാപിക്കുന്നതിനുമായി	സെക്രട്ടറി
2023-24	196/24	273528/- (സിഎഫ് സി -ടൈഡ് ഫണ്ട്)	സിവിൽ വർക്കുകൾക്കും ഫർണസ് സ്ഥാപിക്കുന്നതിനുമായി	സെക്രട്ടറി
	ആകെ	7608483/-		

ക്രിമിറ്റോറിയം നിർമ്മാണത്തിലെ സിവിൽ വർക്കുകൾ നോൺ പി.എം.സി യായി കോസ്റ്റ് ഫോർഡ് നേരിട്ടും ഗ്യാസ് ഫർണസും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ പി.എം.സി ആയി ടെൻഡർ മുഖേനയുമാണ് നടപ്പിലാക്കിവരുന്നത്. ചുവടെ ചേർക്കുന്ന പരാമർശങ്ങളിൽ വ്യക്തത രേഖാമൂലം ലഭ്യമാക്കിയിട്ടില്ല.

1) ഫയൽപരിശോധിച്ചതിൽ നിന്നും 13.3.2025 നമ്പർ 59/2025/MLKM/COSTFORD കത്ത് പ്രകാരം കോസ്റ്റ്ഫാർഡ് 77,14,630/- രൂപയുടെ ഫൈനൽ ബില്ല് സമർപ്പിച്ചതായും നാളിതുവരെ 75,65,566/- രൂപ ഗ്രാമപഞ്ചായത്ത് അനുവദിച്ചതായും ബാലൻസുള്ള 149064/- രൂപ എത്രയും വേഗം അനുവദിച്ച് തരണമെന്നും ഡിമാന്റ് ചെയ്തിട്ടുണ്ട് . തുകയുടെ കൃത്യത പരിശോധിക്കേണ്ടതാണ്.

2) സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 204/2025 പ്രകാരം സ്റ്റിൽ ഓവറായി 1089834/- രൂപ ധനകാര്യകമ്മീഷൻഗ്രാന്റ് വകയിരുത്തിയ പ്രോജക്ട് തൻവർഷവും ക്യാരി ഓവർ ചെയ്തെങ്കിലും നടപ്പാക്കിയില്ല.

3)സ്ഥലപരിശോധന നടത്തിയ ഗ്രാമപഞ്ചായത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ സിവിൽ വർക്കുകൾ ഒഴികെയുള്ള എല്ലാ മെക്കാനിക്കൽ വർക്കുകളുടെയും സുരക്ഷ പി.ഡബ്ല്യു .ഡി മെക്കാനിക്കൽ വിഭാഗത്തെക്കൊണ്ട് പരിശോധിക്കണമെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട് (കത്ത് നമ്പർ 16/AE/LSGD/MLKM/25-26 Dt 16.5.2025). ആയത് ചെയ്തതായി കാണുന്നില്ല.

4) ഉപകരണങ്ങളുടെ പരിപാലനം , വാറണ്ടി എന്നിങ്ങനെ വിവരങ്ങൾ ഉൾപ്പെടുത്തി കോസ്റ്റ്ഫാർഡുമായി സമഗ്രമായ കരാറിലേർപ്പെട്ടതായി കാണുന്നില്ല.

മേൽ പരാമർശിച്ചിരിക്കുന്ന നിരീക്ഷണങ്ങൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതും മുളക്കുളം, കടുത്തുരുത്തി, തലയോലപ്പറമ്പ്, ഞീഴൂർ എന്നീ നാല് പഞ്ചായത്തുകൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ വിഭാവനം ചെയ്തതും വർഷങ്ങൾക്ക് മുൻപ് ആരംഭിച്ച പൊതുശ്മശാന നിർമ്മാണം സ്വപ്നപദ്ധതി ലക്ഷ്യം കൈവരിയ്ക്കാൻ നിലവിൽ സ്വീകരിച്ച നടപടികളും അറിയിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി (16/ 26.6.2025) നൽകുകയുണ്ടായി. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായെന്നും ക്രിമിറ്റോറിയം കമ്മീഷൻ ചെയ്യാൻ അനുവാദത്തിനായി ജില്ലാകളക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ക്രമനമ്പർ 1,2, 3,4 എന്നിവയിൽ പരാമർശിക്കുന്ന അപാകതകൾ പരിഹരിച്ച് , ക്രിമിറ്റോറിയം കമ്മീഷൻ ചെയ്തതിന് ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-34 HDPE പോട്ട് വിതരണം- ജി.എസ്.റ്റി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തില്ല

പ്രോജക്ട് നം.,പേര്	S0136/25, അടുക്കള മുറ്റത്തെ പച്ചക്കറിത്തോട്ടം വനിതാ പദ്ധതി 20 എണ്ണം എച്ച് ഡി പി ഇ ചട്ടികൾ ഒരു ഗുണഭോക്താവിന്
ഫണ്ടിനം, ചെലവ്	വികസനഫണ്ട് (ജനറൽ)-1100000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് 530000/ തനത് ഫണ്ട്- 2000/- ഗുണഭോക്തൃ വിഹിതം- 544000/- ആകെ -2176000
ബിൽ നം.	375000- 475/10.03.25 375000- 486/11.03.25 350000-501/12.03.25 300000 - 415/13.02.25 230000– 429/20.02.25 2000- 672/12.03.25 544000-671/12.03.25 ആകെ -2176000
നിർവ്വഹണോദ്യോഗസ്ഥൻ	കൃഷി ഓഫീസർ

മേൽ പ്രോജക്ട് പ്രകാരം 544 ഗുണഭോക്താക്കൾക്ക് 20 പോട്ടുകൾ വീതം കാവേരി ഫർട്ടിലൈസർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. CBEC സർക്കുലർ 65/39/2018-DOR തീയതി 14.09.2018 നമ്പർ സർക്കുലർ പ്രകാരം 1.10.2018 മുതൽ ഒറ്റ കോൺട്രാക്ടിൽ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള പർച്ചേസ് ബില്ലിൽ നിന്നും 2% ജി.എസ്.റ്റി. (TDS) ഉറവിടത്തിൽ ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി തുകയ്ക്ക് മുകളിൽ മൂല്യം വരുന്ന 21,76,000/- രൂപയുടെ പർച്ചേസിൽ നിന്നും ഈടാക്കാതെ മുഴുവൻ തുകയും മേൽ സ്ഥാപനത്തിന് നൽകിയതായി കാണുന്നു. ജി.എസ്.ടി തുക ഉറവിടത്തിൽ കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.33/28.06.25) മറുപടി ലഭ്യമാക്കിയില്ല. നിയമപ്രകാരമുള്ള ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യാത്ത മേൽ വാങ്ങലിൽ സപ്ലെയർ ജി.എസ്.ടി റിട്ടേൺ അടവാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിനായി ഇവരുടെ ജി.എസ്.ടി റിട്ടേൺ (കാവേരി ഫർട്ടിലൈസർ ഇൻഡസ്ട്രീസ്)ഫയൽ ചെയ്ത മാസത്തെ ഇൻവോയിസ് വൈസ് ഡീറ്റേൽസ് ഉള്ള ജി.എസ്.ടിആർ-1 റിട്ടേൺ ഫോം ലഭ്യമാക്കി പകർപ്പ് ഫയലിൽ ലഭ്യമാക്കേണ്ടതാണ്. ജി.എസ്.ടി സോഫ്റ്റിൽ നിന്നും ഡിഡക്റ്റ് ചെയ്യാതെ ബിൽ തുക സപ്ലെയർക്ക് നൽകുന്നില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

1-35 എം.സി.എഫിലേക്ക് ബെയ്ലിംഗ് മെഷീൻ വാങ്ങൽ - തുടർമോണിട്ടറിംഗില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി ശുചിത്വമിഷൻ വിഹിതം , ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്നും 2023-24 , 2024-25 വർഷങ്ങളിലായി 5,66,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബെയ്ലിംഗ് മെഷീൻ, 210ലിറ്റർ ഓയിൽ എന്നിവ വാങ്ങിയിട്ടുണ്ട്. ജെം മുഖാന്തിരമാണ് പർച്ചേസ് നടത്തിയിട്ടുള്ളത് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	ചെലവ് തുക ബിൽ നമ്പർ , തീയതി	സ്ഥാപനം	ഇനം	ടാക്സ് ഇൻവോയ്സ് ബിൽ
206/2024	396550/- ശുചിത്വമിഷൻ വിഹിതം 310/24.1.2024	ആർ.ജെ എന്റർപ്രൈസസ്	ബെയ്ലിംഗ് മെഷീൻ, 210ലിറ്റർ ഓയിൽ പർച്ചേസ്	RJE04250/23-24/15.3.24

341/2025	169950/- ധനകാര്യകമ്മീഷൻ ഗ്രാന്റ് 276/5.10.2024	ആർ.ജെ എന്റർപ്രൈസസ്	ബെയ്‌ലിംഗ് മെഷീൻ, 210ലിറ്റർ ഓയിൽ പർച്ചേസ് ബാലൻസ് തുക	RJE04251/23-24/15.3.24

പ്രോജക്ട് നമ്പർ 347/2025 പ്രകാരം 100000/- രൂപ അടങ്കലായി തൻവർഷം തന്നെ എം.സി.എഫിലേക്ക് സോർട്ടിംഗ് ടേബിളും ചെയറും വാങ്ങാൻ പ്രോജക്ട് രൂപീകരിച്ചെങ്കിലും നടപ്പാക്കിയില്ല.

ബെയ്‌ലിംഗ് മെഷീൻ സ്ഥാപിച്ചതിന് ശേഷം മാലിന്യനിർമ്മാർജ്ജനത്തിലുണ്ടായ പ്രവർത്തിപുരോഗതി സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് , സ്ഥാപനതല സമിതി എന്നിവയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മെഷീന്റെ വാറണ്ടികാലയളവിനുള്ളിൽ തന്നെ മെഷീൻ പ്രവർത്തനക്ഷമമാണോ എന്ന് വ്യക്തമല്ല. 27.6.2025 ൽ നടത്തിയ പ്രാദശിക പരിശോധനയിൽ ബെയ്‌ലിംഗ് മെഷീൻ പ്രവർത്തിപ്പിക്കാതെ എം.സി.എഫിൽ സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടു. അപാകതയ്ക്ക് രേഖാമൂലം മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻകുയറി (8/ 25.6.2025) നൽകുകയുണ്ടായി. ബെയ്‌ലിംഗ് മെഷീൻ സ്ഥാപിച്ചതിന് ശേഷം മുഴുവൻ ഹരിതകർമ്മസേനാംഗങ്ങൾക്കും ബെയിൽ ചെയ്യുന്നതിനുള്ള പരിശീലനം ആർ.ജെ എന്റർപ്രൈസസ് എന്ന സ്ഥാപനം നൽകിയിട്ടുള്ളതാണെന്നും സ്ഥലപരിമിതി മൂലം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിച്ചില്ലെന്നും മറുപടി ലഭ്യമാക്കി.പുതിയ എം.സി.എഫ് നിർമ്മാണം നടന്നുവരുകയാണെന്നും ആയത് പൂർത്തിയാക്കിയശേഷം ബെയ്‌ലിംഗ് മെഷീൻ അവിടെ സ്ഥാപിച്ച ശേഷം പ്രവർത്തനസജ്ജമാക്കുമെന്നും മറുപടി ലഭ്യമാക്കി. കെട്ടിട നിർമ്മാണം പൂർത്തീകരിക്കാതെയും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാതെയും ബെയ്‌ലിംഗ് മെഷീൻ വാങ്ങിയത് ക്രമപ്രകാരമല്ല. അതിനാൽ തൻവർഷം ചെലവഴിച്ച 169950/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബെയ്‌ലിംഗ് മെഷീൻ പ്രവർത്തനസജ്ജമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-36 ജാഗ്രത സമിതിക്കായി വാങ്ങിയ ഫർണീച്ചറുകൾ ഉപയോഗിക്കാതെ അങ്കണവാടിയിൽ സൂക്ഷിച്ചിരിക്കുന്നു

പ്രോജക്ട് നം.,പേര്	S0113/25, ജാഗ്രത സമിതി ശാക്തീകരണം
അടങ്കൽ	വികസനഫണ്ട് (ജനറൽ)-30000/-
ചെലവ്	വികസനഫണ്ട് (ജനറൽ)-30000/-
ബിൽ നം.	20254 - 471/09.03.25 9746 – 478/10.03.25
നിർവ്വഹണോദ്യോഗസ്ഥ	ഐ.സി.ഡി.എസ് സൂപ്പർവൈസർ

പഞ്ചായത്ത് തല ജാഗ്രത സമിതിയുടെ രജിസ്റ്ററുകളും മറ്റ് രേഖകളും സൂക്ഷിക്കുന്നതിന് സ്റ്റീൽ അലമാര, ജാഗ്രത സമിതി ഓഫീസ് പ്രവർത്തനത്തിനായി സ്റ്റീൽ ടേബിൾ, ഓഫീസ് ചെയർ എന്നിവ ARTCO കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും മേൽ ബില്ലുകൾ പ്രകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഫർണീച്ചറുകൾ ജാഗ്രത സമിതിയുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാതെ 62-ാം നമ്പർ അങ്കണവാടിയിൽ സൂക്ഷിച്ചിരിക്കുന്നാതായി പ്രാദേശിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. ഇപ്രകാരം വാങ്ങിയ ഫർണീച്ചറുകൾ ജാഗ്രതാസമിതിക്കായി ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് (നം.20/26.06.25) പഞ്ചായത്തിൽ ജാഗ്രത സമിതിയുടെ പ്രവർത്തനങ്ങൾക്കായി ലഭ്യമാക്കിയിട്ടുള്ള മുറിയുടെ മെയിന്റെനൻസ് പ്രവൃത്തികൾ കഴിയുന്ന മുറയ്ക്ക് ഫർണീച്ചറുകൾ മുറിയിലേക്ക് മാറ്റി ജാഗ്രത സമിതിയുടെ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. ഫർണീച്ചറുകൾ ജാഗ്രത സമിതിയുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്രദമാക്കി വിവരം അറിയിക്കേണ്ടതാണ്.30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-37 അങ്കണവാടിക്ക് സ്ഥലം വാങ്ങൽ - തുടർപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

പ്രോജക്ട് നമ്പർ	S0201/25
പ്രോജക്ടിന്റെ പേര്, ഫണ്ടിനം	വാർഡ് 13 ൽ അംഗനവാടി നമ്പർ 58 ന് സ്ഥലം വാങ്ങൽ തനത് ഫണ്ട് ബ്ലോക്ക് പഞ്ചായത്ത് വിഹിതം
അടങ്കൽ	1500000/- തനത് ഫണ്ട് 500000/- ബ്ളോക്ക് വിഹിതം
ചെലവ്	662500/- തനത് ഫണ്ട് 400000/- ബ്ളോക്ക് വിഹിതം
ബിൽ നമ്പർ , തീയതി	308/17.10.2024 = 662500/- 326/13.11.24= 200000/- 410/17.12.24 = 200000/- ആകെ 10,62,500/-
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

13-ാം വാർഡിലെ 58 നമ്പർ അങ്കണവാടിക്ക് സ്ഥലം വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണ് പ്രോജക്ട്. പ്രോജക്ടിന്റെ ഭാഗമായി ശ്രീ. ടോമി ചാക്കോ , വഴുതക്കാട് എന്നയാളുടെ ഉടമസ്ഥതയിലുള്ള (ബ്ലോക്ക് നമ്പർ 28, റീസർവ്വേ നമ്പർ - 8/7) 3.47ആർ സെന്റ് സ്ഥലം 10,62,500/- രൂപയ്ക്കു വാങ്ങുകയും പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ തീറാധാരം ചെയ്ത് കരം അടവാക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിലും സ്ഥലം നേരിൽ സന്ദർശിച്ചതിലും സ്ഥലം വാങ്ങലുമായി ബന്ധപ്പെട്ട തുടർനടപടികൾ പൂർത്തീകരിച്ചിട്ടില്ല എന്ന് വ്യക്തമായി. സ്ഥലം വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ നടപടി ഉത്തരവുകളിൽ വാങ്ങുന്ന സ്ഥലം ചുറ്റുമതിൽകെട്ടി സംരക്ഷിക്കേണ്ടതാണെന്നും ഒരു വർഷത്തിനുള്ളിൽ നിശ്ചിത ലക്ഷ്യത്തിനായി പ്രയോജനപ്പെടുത്തേണ്ടതുമാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ രണ്ട് സ്ഥലങ്ങളും അതിർത്തി നിർണ്ണയിച്ചിട്ടുള്ളതായും ചുറ്റുമതിൽ കെട്ടിസംരക്ഷിച്ചിട്ടുള്ളതായും കണ്ടില്ല.

സമാപന യോഗത്തിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതും സ്ഥലം അതിർത്തി നിർണ്ണയിക്കുന്നതിനും പ്രോജക്ട് ആവിഷ്കരിച്ച് കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള നടപടികൾ 2025- 26 വർഷം സ്വീകരിക്കുന്നതുമാണെന്ന് പ്രസിഡന്റ് അറിയിച്ചു. അപാകതകൾ പരിഹരിച്ച് ആസ്തി സംരക്ഷിച്ച് അങ്കണവാടി കെട്ടിടം നിർമ്മിച്ച് പ്രോജക്ടിന്റെ ലക്ഷ്യം കൈവരിച്ച ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വാങ്ങിയ സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ആയതിന്റെ പകർപ്പ് കൂടി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-38 പ്രവർത്തി സമയബന്ധിതമായി പൂർത്തിയാക്കിയില്ല – സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ S0134/25 തൊമ്മൻതോട് സൈഡ്കെട്ടി നീരൊഴുക്ക് സുഗമമാക്കൽ എന്ന പ്രവർത്തിയുടെ കരാറിലേർപ്പെട്ട് പ്രാരംഭ പ്രവർത്തികളിൽ ഏർപ്പെട്ടിരുന്നെങ്കിലും വ്യക്തമായ കാരണങ്ങൾ ഇല്ലാതെ കരാറുകാരനായ ശ്രീ. ബിനു.പി.രാജൻ ,വാലാശ്ശേരിൽ, മണ്ണത്തൂർ പി ഒ എന്ന വ്യക്തി പ്രവർത്തി ഉപേക്ഷിച്ച് പിൻവാങ്ങുകയും കരാറുകാരന്റെ നിഷേധാത്മക നിലപാട് മൂലം പ്രവർത്തി പൂർത്തീകരിക്കാതെ പഞ്ചായത്തിനും പൊതുജനങ്ങൾക്കും ടി പ്രവർത്തിയുടെ ഗുണഫലങ്ങൾ സമയ ബന്ധിതമായി ലഭ്യമാകാത്ത സാഹചര്യം ബോധപൂർവ്വം സൃഷ്ടിച്ചെടുത്തതിനാൽ കരാർ റദ്ദാക്കുന്നതിനും കരാറുകാരനെതിരെ നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതിനും പ്രവർത്തി റീടെണ്ടർ ചെയ്യാനും അനുമതിയ്ക്കായി നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ LID & EW സമർപ്പിച്ചിട്ടുള്ള കത്തിൽ പഞ്ചായത്ത് ഭരണസമിതി ചർച്ച ചെയ്തതായി മിനിട്ട്സ് പ്രകാരം കാണുന്നു. (18.10.2024 ലെ 9(1) തീരുമാനം) .കരാർ റദ്ദാക്കുന്നതിനും കരാറുകാരനായ ശ്രീ. ബിനു.പി.രാജൻ ,വാലാശ്ശേരിൽ,

മണ്ണത്തൂർ പി ഒ എന്നയാൾക്കെതിരെ നിയമാനുസൃത തുടർനടപടി സ്വീകരിക്കുന്നതിനും പ്രവർത്തി റീടെണ്ടർ ചെയ്യുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി അംഗീകരിച്ചു തീരുമാനിച്ചു.

മേൽ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ രേഖാമൂലം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (നമ്പർ 5/25.6.2025) മറുപടി ലഭ്യമായില്ല. കരാറുകാരനെതിരെ സ്വീകരിച്ച നിയമാനുസൃത തുടർ നടപടികൾ അറിയിക്കേണ്ടതാണ്. അതോടൊപ്പം പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ സ്വീകരിച്ച തുടർനടപടികളും അറിയിക്കേണ്ടതാണ്.

1-39 മഴക്കാല പൂർവ്വശുചീകരണം--ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിൽ മഴക്കാല പൂർവ്വശുചീകരണത്തിനായി 10,000/- രൂപ വീതം ചെലവഴിയ്ക്കുന്നതിന് വൗച്ചർ നം. 22400202/18.06.2024 പ്രകാരം മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.ക്ക് 1,70,000/- രൂപ നൽകിയിട്ടുണ്ട്. നം. 9, 10, 11 എന്നീ വാർഡുകളിൽ പ്രവൃത്തി നടത്തിയതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-40 വീട് വാസയോഗ്യമാക്കൽ- പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു

വി.ഇ.ഒ. (പെരുവ, മുളക്കുളം) നിർവ്വഹണോദ്യോഗസ്ഥനായി തൻ വർഷം നടപ്പാക്കിയ വിവിധ വീട് മെയിന്റനൻസ് പ്രോജക്ടുകളിൽ മുൻകൂർ തുക കൈപ്പറ്റിയവർ പ്രവൃത്തി പൂർത്തിയാക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നം.26/25വീട് വാസയോഗ്യമാക്കൽ ജനറൽ (പുതിയത്)-മുൻകൂർ തുക-25000/-

1. ബിനോയ് ,പുതിയേടത്ത് കാല
2. രാധശശി,ഇടപ്പറമ്പിൽ,പൂഴിക്കോൽ
3. മത്തായി ജോസഫ്, അപ്പംകോട്ടിൽ
4. സത്യൻ.എ.എ,ഇടത്തിനകുന്നുംപുറം
5. ഷൈനി, കൊല്ലംപറമ്പിൽ
6. പത്രോസ്,പഴയംമ്പിള്ളിൽ
7. ഗോപാലകൃഷ്ണൻ,മാളിയേക്കൽ
8. രാജു.എം.എം,മാങ്കോട്ടിൽ
9. അജയൻ,മുടരുംകുഴി
10. ലീലാമ്മ,മടത്താട്ട്
11. ജെയിംസ് ജോസഫ്, കാക്കത്തുരുത്തേൽ
12. മേരി മാണി,ചന്ദ്രവേലിൽ
13. സരള .പി, ശ്രീരത്നം
14. മാത്യു ചാക്കോ,ഇഞ്ചിക്കാലായിൽ
15. ജോയ് റ്റി.എം,കൊച്ചുപറമ്പിൽ
16. സുരേഷ് ബാബു, വിഷ്ണുനിവാസ്
17. മണിക്കുട്ടൻ മണിയംകണ്ടത്തിൽ
18. പൊന്നപ്പൻ,പാലാകുളത്തിൽ
19. സാറാമ്മ മാത്യു,പാക്കുകണ്ടത്തിൽ
20. മനോജ്, ആനക്കുഴിനിരപ്പേൽ
21. ആലീസ് സിജു,കലയത്തുംകാലായിൽ
22. കെ.എം.ഔസേഫ്, കടച്ചിറയിൽ

പ്രോജക്ട് നം.12/25വീട് വാസയോഗ്യമാക്കൽ എസ്.സി (പുതിയത്) -മുൻകൂർ തുക-50000/-

1. അഭിലാഷ്,ഒറക്കനാംകുഴി
2. സുരേഷ് കുമാർ,കടിയൻമലയിൽ
3. കുഞ്ഞുപെണ്ണ്,ആനക്കുഴിനിരപ്പേൽ

പ്രോജക്ട് നം.184/25 വീട് വാസയോഗ്യമാക്കൽ ജനറൽ (സ്റ്റിൽ ഓവർ)- മുൻകൂർ തുക-25000/-

1. തങ്കമണികുട്ടപ്പൻ,പുതിയാമഠം
2. സതി രാജു, ചന്ദ്രപ്പുരക്കൽ
3. ആലീസ് ,കളരിയ്ക്കൽ
4. സോമൻ.കെ.റ്റി, കുറ്റിയിടമറ്റത്തിൽ
5. തങ്കമ്മ കൃഷ്ണൻകുട്ടി

പ്രോജക്ട് നം.183/25 വീട് വാസയോഗ്യമാക്കൽ എസ്.സി (സ്റ്റിൽ ഓവർ)-മുൻകൂർ തുക 50000/-

1. കുഞ്ഞുമോൾ കുഞ്ഞൻ ,പ്ലാക്കുന്നേൽ
2. രാജേന്ദ്രൻ.കെ.ജി, കരക്കുന്നത്ത്

മേൽ ഗുണഭോക്താക്കളുടെ വീട് മെയിന്റനൻസ് പ്രവൃത്തികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-41 വാട്ടർ ചാർജ് കുടിശ്ശിക – പിഴസഹിതം തുക അടവാക്കി.

ചുവടെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം തനത് ഫണ്ടിൽ നിന്നും വലിയ തുകകൾ പിഴ സഹിതം വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്.

ക്രമ നമ്പർ	വൗച്ചർ നമ്പർ,തീയതി	തുക	ഇനം	റിമാർക്സ്
1	22400629/28.10.2024 കൺസ്യൂമർ ഐ.ഡി - 3271141677	93008/-	പെരുവ കംഫർട്ട് സ്റ്റേഷനിൽ ജലം ദുരുപയോഗം ചെയ്ത് പാഴാക്കിയതിന് കേരളാ വാട്ടർ അതോറിറ്റി , പി.എച്ച് ഡിവിഷൻ കടുത്തുരുത്തിയുടെ 18.9.2024 ലെ KWA/KDY/RO-1/2023 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം അടവാക്കിയ തുക	പിഴ- 2850/- അധികഉപഭോഗ തുക – 88286/- വാട്ടർ ചാർജ് 1868/-
2	22400630/28.10.2024 കൺസ്യൂമർ ഐ.ഡി - 3271106398	41155/-	പെരുവ ഫിഷ് മാർക്കറ്റിലെ വാട്ടർ ചാ548ർജ് കേരളാ വാട്ടർ അതോറിറ്റി , പി.എച്ച് ഡിവിഷൻ കടുത്തുരുത്തിയുടെ ബിൽ നമ്പർ 150482385/ 1.10.2024 ഡിമാന്റ് നോട്ടീസ് പ്രകാരം അടവാക്കിയ തുക	പിഴ- 1208/- അധികഉപഭോഗ തുക – 32188/- ഇൻസ്പെക്ഷൻ ചാർജ് - 4/- വാട്ടർ ചാർജ് 7755/-
	ആകെ	134163/-		

ജലം ദുരുപയോഗം ചെയ്ത് പാഴാക്കി അധിക ചാർജ് ഫൈൻ സഹിതം അടവാക്കേണ്ടിവന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (36/ 28.6.2025) മറുപടി ലഭ്യമായില്ല. ആയതിനാൽ 134163/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-42 പൊതുടാപ്പുകളുടെ വെള്ളക്കരം - രേഖകൾ ലഭ്യമായില്ല.

പൊതുടാപ്പുകളുടെ വെള്ളക്കരം അടവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1) ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 7.9.2024 ലെ 1(1) നമ്പർ തീരുമാനപ്രകാരം പൊതുടാപ്പുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ

എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 18000/- രൂപ തനത് ഫണ്ടിൽ നിന്നും അടവാക്കാൻ തീരുമാനിച്ചു. വൗച്ചർ നമ്പർ 22400574/ 5.10.24 പ്രകാരം തുക അടവാക്കുകയും ചെയ്തു. പൊതുടാപ്പുകൾക്ക് മീറ്റർ സ്ഥാപിച്ചത് സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഓഡിറ്റിൽ ലഭ്യമായില്ല.

2) ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 12.6.2024 ലെ 25(1) നമ്പർ തീരുമാനത്തിൽ വാട്ടർ അതോറിറ്റി ജോയിന്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം 10 ലൊക്കേഷനിൽ പൊതുടാപ്പുകൾ പ്രവർത്തനക്ഷമമാണ് എന്ന് പരാമർശിച്ചിട്ടുണ്ട്. ജോയിന്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

3)നിലവിൽ പ്രവർത്തനക്ഷമമായതും തുക അടവാക്കുന്നതുമായ പൊതുടാപ്പുകളുടെ എണ്ണവും പ്രതിമാസം അടക്കുന്ന തുകയും കുടിശ്ശികയുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കിയില്ല.

മേൽ പരാമർശിച്ചിട്ടുള്ള വിശദാംശങ്ങൾ രേഖാമൂലം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (3/25.6.2025) മറുപടി ലഭ്യമായില്ല. പൊതുടാപ്പുകൾക്ക് മീറ്റർ സ്ഥാപിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമാകാത്തതിനാൽ ഈ ഇനത്തിലുള്ള 18000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ ആവശ്യപ്പെട്ട വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-43 ഹരിതകർമ്മസേന യൂസർഫീസ് പിരിവ് - രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 14.1.2025 ലെ 38 (1) നമ്പർ യോഗത്തിൽ 17 വാർഡുകളിലെയും ഹരിതകർമ്മസേന പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ഹരിതകർമ്മസേനാംഗങ്ങൾ വാർഡുകളിൽ പോയി യൂസർഫീസ് പിരിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട് എന്ന് വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. കിട്ടാനുള്ള കുടിശ്ശിക എത്രയാണെന്ന് വ്യക്തമല്ലാത്തതും പിരിക്കുന്ന, അടവാക്കുന്ന തുകകൾ രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കാത്തതും കമ്മിറ്റി നിരീക്ഷിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതിനായി ഹരിതകർമ്മസേന കൺസോർഷ്യം സെക്രട്ടറി, പ്രസിഡന്റ് എന്നിവരെ ചുമതലപ്പെടുത്തിയും വി.ഇ.ഒ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ മേൽനോട്ടം വഹിക്കുവാനും കമ്മിറ്റി ചുമതലപ്പെടുത്തി തീരുമാനമായിട്ടുള്ളതാണ്. ഹരിതകർമ്മസേന യൂസർഫീസ് പിരിവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

1) യൂസർഫീസ് പിരിവ് , കുടിശ്ശിക തുകകൾ രേഖപ്പെടുത്തിയ കാലികമായി എഴുതി സൂക്ഷിക്കുന്ന രജിസ്റ്റർ.

2) 2024 – 25 വർഷം യൂസർഫീസ് ഇനത്തിൽ പിരിച്ചതും അടവാക്കിയതുമായ തുകകളുടെ വിവരം.

3) 2024 – 25 വർഷം ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകിയ ശമ്പളത്തിന്റെ രേഖകൾ

4) ഹരിതകർമ്മസേനയുടെ നാളിതുവരെയുള്ള കളക്ഷൻ, പിൻവലിക്കലുകൾ എന്നിവ രേഖപ്പെടുത്തിയ പാസ്സ് ബുക്ക്

5) യൂസർഫീസ് പിരിവിനായി നൽകിയ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ

രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി (നമ്പർ 4/25.6.2025) ക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമായില്ല. കളക്ഷൻ തുകകൾ ബാങ്കിൽ അടവാക്കുന്നത് രജിസ്റ്ററിൽ യഥാവിധി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. രസീതുകളുടെ ആകെ സ്റ്റോക്ക് രേഖപ്പെടുത്തി ബാലൻസ് സ്റ്റോക്ക് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. അപാകതകൾ പരിഹരിക്കേണ്ടതും ഹരിതകർമ്മസേന യൂസർഫീസ് പിരിവ് കൃത്യമായി മോണിട്ടർ ചെയ്യേണ്ടതുമാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-44 ലൈഫ് ഭവന പദ്ധതി- നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു

ഗ്രാമ പഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നാളിതുവരെ വിവിധ ഘട്ടങ്ങളിൽ തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലായെന്ന് കാണുന്നു.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ വിവരം	നാളിതു വരെ കൈപ്പറ്റിയ തുക	നിലവിലെ ഘട്ടം
1	ലളിത വിശ്വനാഥൻ,കുറുവേലിക്കുഴി	360000	റൂഫ്

2	ബിജി ഷിബു, കുറ്റടിയിൽ	40000	അഡ്വാൻസ്
3	മോളി ആന്ത്രയോസ്,ചന്ദ്രവേലിൽ	40000	അഡ്വാൻസ്
4	ആലീസ് ചാക്കോ,കൊച്ചുപറമ്പിൽ	360000	റൂഫ്
5	സെലിനി സേവ്യർ,തടത്തിൽ	200000	ബേസ് മെന്റ്
6	കുഞ്ഞമ്മ മണിയൻ,ആനക്കുഴിനിരപ്പേൽ	260000	ലിന്റൽ
7	ദീനാമ്മബേബി,തെറ്റാലിൽ	300000	ലിന്റൽ
8	ഏലി,കാരാടിപ്പുറം	40000	അഡ്വാൻസ്
9	മേരി,നായരുകുഴിയിൽ	200000	ബേസ് മെന്റ്
10	ഏലിക്കുട്ടി മാർക്കോസ്, കിഴക്കേൽ	360000	റൂഫ്
11	വത്സല ജോസ്,ചക്കുകുഴി	200000	ബേസ് മെന്റ്
12	അന്നക്കുട്ടി,മൂക്കാംതറയിൽ	320000	റൂഫ്
13	ശാന്തകുമാരി,തച്ചുചിറയിൽ	200000	ബേസ് മെന്റ്
14	ക്രിസ്റ്റീന മാത്യൂസ്,കടുവാക്കുഴി	40000	അഡ്വാൻസ്
15	കുമാരി ദാസപ്പൻ,കല്ലറക്കുഴി	300000	ലിന്റൽ
16	ജ്യോതി ലക്ഷ്മി,തൊടിയിൽ	40000	അഡ്വാൻസ്
17	സേതുലക്ഷ്മി,പുത്തൻവീട്ടിൽ	40000	അഡ്വാൻസ്
18	റോസക്കുട്ടി ,തെറ്റാലിയിൽ	140000	ബേസ്മെന്റ്
19	മിനി ജോളി, ഈരാംതടത്തിൽ	40000	അഡ്വാൻസ്
20	മേരി ബാബു,കുറിച്ചിത്തടത്തരികത്ത്	40000	അഡ്വാൻസ്
21	ജാക്സൺ.പി.ജോർജ്ജ്,പുള്ളോംകാലായിൽ	40000	അഡ്വാൻസ്
22	ശ്യാമള ശശി,വൈശാഖ് നിവാസ്	40000	അഡ്വാൻസ്
23	ലിഷ.കെ.ഡി, കുന്നേൽ ഹൗസ്	40000	അഡ്വാൻസ്
24	വാസന്തി,തട്ടാർകുന്നേൽ	40000	അഡ്വാൻസ്
25	അമൽ ലൂക്കോസ്,പുതുപറമ്പിൽ	140000	ബേസ്മെന്റ്
26	മധുകുമാർ, പറയന്തടം	40000	അഡ്വാൻസ്
27	സന്തോഷ്,കരിക്കേത്ത്	130000	ബേസ്മെന്റ്
28	ബിജു,പള്ളിത്താഴത്ത്	120000	ബേസ്മെന്റ്
29	മറിയക്കുട്ടി ടെൻസൺ ,കട്ടച്ചിറയിൽ	40000	അഡ്വാൻസ്
30	ആലീസ് മർക്കോസ്,കൂട്ടാനിയ്ക്കമലയിൽ	120000	ബേസ്മെന്റ്
31	സുരേന്ദ്രൻ.കെ.ബി,ഒരപ്പാനിയിൽ	130000	ബേസ്മെന്റ്
32	ഉണ്ണികൃഷ്ണൻ.പി.സി,പ്ലാമ്പറമ്പിൽ	40000	അഡ്വാൻസ്
33	ആലീസ്.എൻ.എ,ഞാണുവേലിൽ	40000	അഡ്വാൻസ്
34	ജോയി .റ്റി.ജെ,തെറ്റാലിൽ	40000	അഡ്വാൻസ്
35	പ്രകാശ്.എ.എം,ആലുംകട്ടയിൽ	40000	അഡ്വാൻസ്
36	സവിത രാജേഷ്,കുന്നത്ത്മ്യാലിൽ	40000	അഡ്വാൻസ്
37	ബീന സജി,വട്ടുകുളത്തിൽ	40000	അഡ്വാൻസ്
38	ബീന സിജു, മോന്തകുത്തിയേൽ	40000	അഡ്വാൻസ്
39	കതുഞ്ഞുമോൻ.സി.കെചെത്തിക്കാട്ടിൽ	40000	അഡ്വാൻസ്
40	ഡെയ്സൺ.വി.എം,വേട്ടാംകുഴി	40000	അഡ്വാൻസ്
41	ബാബു.കെ.ജി,കളങ്ങോത്ത്	40000	അഡ്വാൻസ്
42	സുരേഷ് കുമാർ,കാർത്തിക	40000	അഡ്വാൻസ്
43	ജോൺസൺ,മുതുകുളത്തിൽ	40000	അഡ്വാൻസ്
44	തങ്കമണി,കരോട്ട്പാറക്കൽ	40000	അഡ്വാൻസ്
45	രാധാകൃഷ്ണൻ.കെ.കെ,കുറുമഠത്തിൽ	40000	അഡ്വാൻസ്

46	ജോഷി.പി.ജോർജ്ജ്,പുള്ളോക്കാലായിൽ	40000	അഡ്വാൻസ്
47	ഏലിയാമ്മ ജോസഫ്,കളങ്ങരമലയിൽ	40000	അഡ്വാൻസ്
48	ലീലാമ്മ കുഞ്ഞപ്പൻ,നടുപ്പറമ്പിൽ	40000	അഡ്വാൻസ്
49	മണിക്കുട്ടൻ,ചാണകക്കുഴിക്കര	40000	അഡ്വാൻസ്
50	സുമ.എ.എസ്,നടുവീട്ടിൽ	40000	അഡ്വാൻസ്
51	ശോഭന സുദർശനൻ,ബൈന്തറ്റിൽ	40000	അഡ്വാൻസ്
52	എൽബി,പാരഡൈസ്	40000	അഡ്വാൻസ്
53	ഉണ്ണി.കെ.ബാബു, പനച്ചറമേൽ	200000	ബേസ്മെന്റ്
54	മനീഷ് മണി,പുൽവോയിൽ	185308	ബേസ്മെന്റ്
55	സിന്ധുമോൾ,മനയ്ക്കപ്പറമ്പിൽ	200000	ബേസ്മെന്റ്
56	വത്സ,തട്ടാർകുന്നേൽ	40000	അഡ്വാൻസ്
57	അംബിക രാജു, കോയിക്കൽ	40000	അഡ്വാൻസ്
58	ഉദയൻ.റ്റി,അഞ്ചലശ്ശേരി	40000	അഡ്വാൻസ്
59	മനുമോഹനൻ,ഒറക്കനാംകുഴി	40000	അഡ്വാൻസ്
60	ജ്യോതി.പി.ഗോപി,പുലിക്കുഴിയിൽ	40000	അഡ്വാൻസ്
61	ശോഭനമോൾ,കുറ്റിക്കാലായിൽ	40000	അഡ്വാൻസ്

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-45 ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിക്കൽ - കമ്മറ്റി തീരുമാനം നടപ്പാക്കൽ സംബന്ധിച്ച് .

ലൈഫ് ഭൂരഹിത ഭവനരഹിത ലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി ഭവന നിർമ്മാണത്തിനായി അനുവദിക്കുന്നതിൻ 2005 ലെ പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയ്യൊഴിയലും) ചട്ടങ്ങൾക്ക് വിധേയമായി തുടർനടപടി സ്വീകരിക്കാവുന്നതാണെന്നുള്ള ലൈഫ് മിഷൻ ജില്ല കോഡിനേറ്ററുടെ കത്ത് പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി. ചർച്ച ചെയ്തു കോളനിയിൽ പ്ലോട്ടുകൾ അനുവദിച്ചിട്ടും ഗുണഭോക്താക്കൾ താമസമില്ലാത്ത നിരവധി പ്ലോട്ടുകളുണ്ടെന്ന് മെമ്പർമാർ യോഗത്തിൽ അഭിപ്രായപ്പെട്ടു. ടി പ്ലോട്ടുകൾ അനുവദിച്ചിട്ടുള്ളവർക്ക് കത്ത് നൽകുന്നതിനും മറുപടി ലഭിക്കാത്തപക്ഷം പഞ്ചായത്തിലേക്ക് മുതൽക്കൂട്ടുന്നതിനും കമ്മിറ്റി തീരുമാനിച്ചു. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കോളനികളിലെ ഒഴിവുള്ള പ്ലോട്ടുകളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതിന് യോഗം അംഗീകരിച്ചു തീരുമാനിച്ചു (16.10.2024 ലെ 16 (1) തീരുമാനം) .

മേൽ കമ്മിറ്റി തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ 7/25.6.2025) മറുപടി ലഭ്യമായില്ല. കോളനികളിലെ ഒഴിവുള്ള പ്ലോട്ടുകളുടെ വിവരങ്ങൾ ശേഖരിച്ച് ലൈഫ് ഭവനപദ്ധതിക്കായി വിനിയോഗിക്കാൻ സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-46 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് പ്രവൃത്തികൾ - വിനിയോഗവിവരം ലഭ്യമായില്ല.

വിവിധ വാർഡുകളിൽ റോഡുകളുടെ വികസനത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ ഷിഫ്റ്റ് ചെയ്യുന്നതിന് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 334/2025 പ്രകാരം തനത് ഫണ്ടിൽ നിന്നും ചുവടെ പ്രകാരം തുക പിൻവലിച്ച് കെ.എസ്.ഇ.ബിയ്ക്ക് കൈമാറിയിട്ടുണ്ട്.

വൗച്ചർ നമ്പർ, തീയതി	തുക	സ്ഥാപനം
22400814/23.12.24	8651/-	കെ.എസ്.ഇ.ബി, പെരുവ
22400833/21.12.24	29803/-	കെ.എസ്.ഇ.ബി, കടുത്തുരുത്തി
22401193/21.03.25	112446/-	കെ.എസ്.ഇ.ബി, പെരുവ
ആകെ	150900/-	

കെ.എസ്.ഇ.ബിയിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ 2/ 25.6.2025) ലഭ്യമാക്കിയ മറുപടി. വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് . വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത സാഹചര്യത്തിൽ 150900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-47 ആയൂർവേദ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

പ്രോജക്ട്	നം. S0081/25, ആയൂർവേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	7,00,000/- രൂപ
ചെലവ്	7,00,000/- രൂപ
ഫണ്ടിനം	മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്
ബിൽ നം./തീയതി	436/26.12.2024, 3,00,000/- രൂപ 468/03.01.2025, 4,00,000/- രൂപ
നിർവഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, മുളക്കുളം

മേൽ പ്രോജക്ട് പ്രകാരം ഔഷധി, ആയൂർധാര എന്നീ സ്ഥാപനങ്ങളിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തുക നൽകിയിട്ടുണ്ട്. ഔഷധിയിൽ നിന്നും 3,00,000/- രൂപയുടെ മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടുണ്ട്. ആയൂർധാരയ്ക്ക് നൽകിയ 4,00,000/- രൂപയിൽ നിന്നും ഇൻവോയ്സ് നം.G000208/16.01.25 ൽ 1,79,457/- രൂപയുടേയും, ഇൻവോയ്സ് നം.G000275/28.03.2025 ൽ 76,126/- രൂപയുടേയും, ഇൻവോയ്സ് നം.G000030/18.06.2025 ൽ 11,494/- രൂപയുടേയും മരുന്ന് ലഭ്യമായിട്ടുണ്ട്. 1,32,923/- രൂപയുടെ മരുന്ന് ലഭ്യമാകാൻ അവശേഷിയ്ക്കുന്നുണ്ട്. ലഭ്യമാകാൻ അവശേഷിയ്ക്കുന്ന മരുന്നുകൾ ലഭിച്ചതിന്റെ വിശദാംശം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. 1,32,923/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-48 മരുന്ന് പൂർണ്ണമായും ലഭ്യമായില്ല.

പ്രോജക്ട്	നം. S0028/25, ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	2,00,000/- രൂപ
ചെലവ്	2,00,000/- രൂപ
ഫണ്ടിനം	മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്
ബിൽ നം./തീയതി	313/28.10.2024
നിർവഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, മുളക്കുളം

മേൽ പ്രോജക്ടിനായി മുളക്കുളം ഹോമിയോ ഡിസ്പെൻസറി മെഡിക്കൽ ഓഫീസറുടെ 25.07.2024 ലെ 05D32/2024-25/1 നമ്പർ മെഡിസിൻ ഓർഡർ പ്രകാരം ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് മരുന്നിന്റെ വിലയായി 2,00,000/- രൂപ നൽകിയിട്ടുണ്ട്. LF-2516/24-25 പ്രകാരം 76473/- രൂപയുടെയും LF-113/6.5.25 പ്രകാരം 62,805/- രൂപയുടേയും മരുന്നുകൾ ഹോമിയോ ഡിസ്പെൻസറിയിൽ ലഭ്യമായിട്ടുണ്ട്. 60722/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിയ്ക്കുന്നുണ്ട്. ലഭ്യമാകാൻ അവശേഷിയ്ക്കുന്ന മരുന്നുകൾ ലഭിച്ചതിന്റെ വിശദാംശം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. 60722/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-49 ഹെൽത്ത് ഗ്രാന്റ്-അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. പദ്ധതിയുടെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ളത് താഴെപ്പറയുന്ന സർക്കാർ ഉത്തരവുകളും സർക്കുലറുകളുമാണ്.

ക്രമ നമ്പർ	ഉത്തരവ് നമ്പർ, തീയതി
1	G.O(Rt) No. 2132/2022/LSGD Dated 31.08.2022
2	G.O(Rt) No. 2156/2022/LSGD Dated 01.09.2022
3	G.O(Rt) No. 3157/2022/LSGD Dated 21.12.2022 (നഗരപാലികാ സ്ഥാപനങ്ങൾ)
4	G.O(Rt) No. 1078/2022/LSGD Dated 20.05.2023 (നഗരപാലികാ സ്ഥാപനങ്ങൾ)
5	Circular No. FM3/138/2023/LSGD Dated 23.05.2023
6	G.O(Rt) No. 1625/2023/LSGD Dated 09.08.2023

കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും കെട്ടിടമില്ലാത്ത കുടുംബാരോഗ്യ/ഉപകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുമായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്. ഇത് ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ വഴിയാണ് നടപ്പാക്കേണ്ടത്. സ്കീമുകൾ താഴെ നൽകുന്നു.

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്.

2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

മുളക്കുളം ഗ്രാമപഞ്ചായത്തിന് കീഴിൽ പെരുവ, അറുനൂറ്റിമംഗലം എന്നിവിടങ്ങളിൽ ഫാമിലി ഹെൽത്ത് സെന്ററും മുളക്കുളം,അവർമ്മ,കീഴൂർ എന്നിവിടങ്ങളിൽ സബ്സെന്ററുകളും പ്രവർത്തിക്കുന്നു. അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി പഞ്ചായത്ത് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് സബ് സെന്ററുകളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്.

2021-22 വർഷം മുതൽ 2024-25 വർഷം വരെ ലഭ്യമായതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	വർഷം	ഇനം	ലഭ്യമായ തുക	ചെലവഴിച്ച തുക	ബാക്കി തുക	ശതമാനം
1	2021-22	സ്കീം 3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.	0	0	0	0
2	2021-22	സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.	0	0	0	0
3	2022-23	സ്കീം3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	341952	341952	0	100
4	2022-23	സ്കീം4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	198981	198981	0	100
5	2023-24	സ്കീം3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	915000	899745	15255	98
6	2023-24	സ്കീം4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	384000	363085	20915	95
7	2024-25	സ്കീം3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (SO)	405013	0	405013	0

8	2024-25	സ്കീം4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (SO)	622290	13676	608614	0

2022-23 സാമ്പത്തിക വർഷത്തെ ഫണ്ടുകൾ (സ്കീം 3, സ്കീം 4) വർഷാവസാനം ലഭ്യമായതിനാൽ 2023-24 വർഷം സ്പിൽ ഓവറായാണ് പ്രോജക്ടുകൾക്ക് ചെലവ് ചെയ്തിട്ടുള്ളത്. 2024-25 വർഷം ലഭിച്ച തുക ചെലവഴിച്ചിട്ടില്ല. സ്ക്കീം 3 ഫണ്ട് ഉപയോഗിച്ച് ലാബ് റീയേജന്റ്, ലാബ് ഉപകരണങ്ങൾ ,ഇൻഫെക്ഷൻ കൺട്രോൾ സാധനങ്ങൾ,കിറ്റുകൾ,കൺസ്യൂമബിൾസ് എന്നിവ വാങ്ങിയിട്ടുണ്ട്. സ്ക്കീം 4 ഫണ്ട് പ്രധാനമായും സബ്സെന്ററുകൾക്ക് ആവശ്യമുള്ള ഭൗതിക സാഹചര്യം ഒരുക്കുന്നതിനും ഉപകരണങ്ങൾ,മരുന്നുകൾ എന്നിവ വാങ്ങി നൽകുന്നതിനുമാണ്. ഉപയോഗിച്ചിട്ടുള്ളത്.

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി കാനറ ബാങ്ക് പെരുവ ശാഖയിൽ താഴെപ്പറയുംപ്രകാരം രണ്ട് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

ഇനം	അക്കൗണ്ട് നം
സ്കീം 3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	110042166667
സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	110042165226

മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ആരോഗ്യ സ്ഥാപനങ്ങളൊന്നും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ല. ആരോഗ്യകേന്ദ്രങ്ങൾക്ക് കെട്ടിട സൗകര്യങ്ങളുള്ളതിനാൽ കെട്ടിട നിർമ്മാണത്തിനുള്ള സ്കീം 1 പ്രകാരമുള്ള ഗ്രാന്റ് ലഭ്യമായിട്ടില്ല.
സ്കീം 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം 4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം ലഭ്യമായ ഗ്രാന്റ് അതത് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവരുന്നു. അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസർ തന്നെയാണ് നിർവ്വഹിക്കുന്നത്. ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ഹെൽത്ത് ഗ്രാന്റ് സംബന്ധമായ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നതായി കാണുന്നില്ല. ഭരണ സമിതി തലത്തിലാണ് പ്രോജക്ടുകൾ രൂപം നൽകുന്നത് സംബന്ധിച്ച ചർച്ചകൾ നടക്കാറുള്ളത്. പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് നിലവിലെ സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്.

ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ചാണ് പരിശീലനം നൽകിയിട്ടുള്ളത്.ആയതിന് ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ചിട്ടില്ല. സ്കീം 4 നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ 4 ഹെൽത്ത് & വെൽനസ് സെന്ററുകളാണുള്ളത്. അവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. രോഗപ്രതിരോധ പ്രവർത്തനങ്ങളായ പ്രതിരോധ കുത്തിവെയ്പുകൾ, ബോധവത്ക്കരണ ക്ലാസുകൾ എന്നിവ എല്ലാ മാസവും നടത്തി വരുന്നു. വാർഷിക ആരോഗ്യ പരിശോധനകളുടെ ഭാഗമായി ജെറിയാട്രിക് ക്ലിനിക്, വെൽവുമൺ ക്ലിനിക്, ജീവിത ശൈലി രോഗങ്ങളുടെ പരിശോധന ക്ലിനിക്, കൗമാരക്കാരുടെ ക്ലിനിക് എന്നിവ നിശ്ചിത ദിവസങ്ങളിൽ നടത്തുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 8 ഇന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്. സ്റ്റാഫ് നേഴ്സിന്റെ സേവനവും ലഭ്യമാണ്. കീഴൂർ സബ്സെന്ററിന്റേയും അവർമ്മ സബ്സെന്ററിന്റേയും കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ പൂർത്തിയാക്കേണ്ടതുണ്ട്. യോഗക്ലാസ്സുകൾ ആരംഭിക്കുന്നതിന് സ്ഥല സൗകര്യവും ട്രയിനറുടെ നിയമനവും, കുട്ടികൾക്കായി ചെറിയ പാർക്ക്, ഫിറ്റ്നസ് ജിം എന്നിവ ഇനിയും ആവശ്യമുള്ള സേവനങ്ങളാണെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവും ഉറപ്പാക്കുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. മേൽ ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗം ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

1-50 ജൽജീവൻ മിഷൻ - അവലോകനം.

ജൽജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ചെയ്ത പ്രവൃത്തികൾ , ചെലവഴിച്ച തുകകൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ (4/21.6.2025) നൽകുകയുണ്ടായി. ലഭ്യമാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മുളക്കുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.11.2021 ലെ 47 (1) നമ്പർ തീരുമാനപ്രകാരം സെക്രട്ടറി ഒന്നാം കക്ഷിയായും ജില്ലാതലകുടിവെള്ള ശുചിത്വ സമിതി മെമ്പർ സെക്രട്ടറി (എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി) രണ്ടാം കക്ഷിയായും എക്സിക്യൂട്ടീവ് ഡയറക്ടർ സൊസൈറ്റി ഫോർ ഓറിയന്റേഷൻ ആന്റ് റൂറൽ ഡവലപ്മെന്റ് കഞ്ഞിക്കുഴി , ഇടുക്കി മൂന്നാം കക്ഷിയായും 31.12.2021 ൽ കരാറിലേർപ്പെട്ടിരുന്നു. പ്രസ്തുത കരാർ കാലാവധി 18 മാസമായിരുന്നു. ആയത് പ്രകാരം 30.6.2023 ൽ കരാർ കാലാവധി അവസാനിച്ചു. കരാർ പ്രകാരം ജൽജീവൻ മിഷന് പദ്ധതിയുടെ നിർവ്വഹണസഹായ ഏജൻസിയായ സൊസൈറ്റി ഫോർ ഓറിയന്റേഷൻ ആന്റ് റൂറൽ ഡവലപ്മെന്റ് സമർപ്പിച്ചിട്ടുള്ള 9 ക്ലെയിം ഫോമുകളും തുടർ നടപടികൾക്കായി ശുപാർശ ചെയ്ത് ജില്ലാതലകുടിവെള്ള ശുചിത്വ സമിതി മെമ്പർ സെക്രട്ടറി, കോട്ടയത്തിന്റെ കാര്യാലയത്തിലേക്ക് സമർപ്പിച്ചിരുന്നു എന്നും അതിന് ശേഷം പദ്ധതിയുമായി ബന്ധപ്പെട്ട് തുടർ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല എന്നും മറുപടി ലഭ്യമാക്കി. പ്രോജക്ടിന്റെ ചെലവ് സംബന്ധിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന

മെഡിസെപ് പ്രീമിയം - ഒടുക്ക് (റെഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയതുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക*	ഒടുക്കാൻ ബാക്കിനിൽക്കുന്നതുക	റിമാർക്സ്

15	90000/-	90000/-	ഇല്ല	

*01.4.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റെഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയതുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കിനിൽക്കുന്നതുക	റിമാർക്സ്
ഇല്ല					-

മെഡിസെപ് പ്രീമിയം ഒടുക്ക് 01.07.2024 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയതുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടങ്കിൽ ആയതുൾപ്പടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കിനിൽക്കുന്നതുക	റിമാർക്സ്
ബാധകമല്ല.				

മെഡിസെപ് പ്രീമിയം ഒടുക്ക് (1.08.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റെഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയതുക (07/2022 മുതൽ അല്ലങ്കിൽ 07/2024 മുതലുള്ള കുടിശിക ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കിനിൽക്കുന്നതുക	റിമാർക്സ്
1	1.8.2024	4000	4000	0	PT Librarian

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2024-25	26.05.2025	22.06.2025

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നല്കിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര് (നം.)	ചെലവ്	ബാക്കി
കോട്ടയം ജില്ലാ	381904	പാലിന് സബ്സിഡി (61/25)	381904	0

പഞ്ചായത്ത്	540980	പാലിന് സബ്സിഡി (176/25)	540980	0
	22936	സമഗ്ര കന്നുകാലി ഇൻഷുറൻസ് (381/25)	22936	0
	500000	വടുകുന്നപ്പുഴ എസ് സി കോളനി റോഡ് പുനരുദ്ധാരണം (377/25)	500000	0
	42600	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (2/25)	42600	0
ആകെ	1488420	ജില്ലാ പഞ്ചായത്ത് വിഹിതം	1488420	0
ബ്ലോക്ക് പഞ്ചായത്ത്	498142	പാലിന് സബ്സിഡി (61/25)	498142	0
	160000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (2/25)	160000	0
	400000	13 ആം വാർഡിലെ 58 ആം നമ്പർ അംഗൻവാടിക്ക് സ്ഥലം വാങ്ങൽ (201/25)	400000	0
	650324	ഇടപ്പറമ്പിൽ റെയിൽവേ സ്റ്റേഷൻ റോഡ് പുനരുദ്ധാരണം വാർഡ് 12(21/25)	650324	0
ആകെ	1708466	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	1708466	0

4-4 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	നിർവ്വഹണ ഏജൻസി	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
334/2024-25	വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	കെ എസ് ഇ ബി	150900	0	150900

4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-6 വായ്പ/വായ്പതിരിച്ചടവ്

2024-25 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ	തൻ വർഷം	തൻവർഷം തിരിച്ചടച്ച തുക	വർഷാവസാനം തിരിച്ചടയ്ക്കാൻ

		ബാക്കിയുണ്ടായിരുന്ന തുക	എടുത്ത വായ്പ	മുതൽ	പലിശ	ബാക്കിയുള്ള തുക
ലൈഫ് ഭവന പദ്ധതി	ഹഡ്കോ വായ്പ(KURDFC) ജി ഓ എം എസ്.68/2018 തസ്വഭവ തീ18-5-2018	4873588	2200000	1015927	-	6057661

4-7 സ്ഥിരനിക്ഷേപങ്ങൾ

2024-25 വർഷം സ്ഥാപനത്തിലെ സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	1,00,00,000/- രൂപ
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	1,00,00,000/- രൂപ
തന്നാണ്ടിൽ പിൻവലിച്ച തുക	0
പലിശ	4,89,149
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (31.03.2025)	1,04,89,149

വാർഷിക ധനകാര്യപത്രിക പ്രകാരം മേൽ നിക്ഷേപങ്ങൾക്ക് ലഭിച്ച പലിശയിൽ 16105/- രൂപ ടിഡിഎസ് ഇനത്തിൽ ബാങ്ക് ഈടാക്കിയ ശേഷമാണ് ഗ്രാമപഞ്ചായത്തിൽ ലഭിച്ചത്. മേൽ നിക്ഷേപങ്ങൾ പുതുക്കിയതിനാൽ രസീത് ലഭ്യമല്ലാത്തതിനാലും നിക്ഷേപ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിയ്ക്കാത്തതിനാലും പലിശ നിരക്ക് പരിശോധിയ്ക്കാൻ സാധിച്ചില്ല. 31.03.2025ലെ സ്ഥിരനിക്ഷേപതുകയായ 10,489,149/- രൂപയുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന സ്ഥിരനിക്ഷേപ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നിക്ഷേപ രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. SBI യിലെ സ്ഥിരനിക്ഷേപങ്ങൾ ഓഡിറ്റുവർഷം പിൻവലിച്ച് 2025-26 ൽ കേരള ഗ്രാമീൺ ബാങ്കിൽ സ്ഥിരനിക്ഷേപം ആക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥിരനിക്ഷേപ അക്കൗണ്ട് നം.	നിക്ഷേപിച്ച തീയതി	തുക (രൂപ)	ബാങ്ക്/ ട്രഷറി	കാലാവധി മൂല്യം
1	40590202500097	21.04.2025	75,00,000 (പലിശ നിരക്ക് 7%-542026/-)	കേരള ഗ്രാമീൺ ബാങ്ക്, പെരുവ ശാഖ	23.04.2026 80,42,026/ രൂപ
2	40590202500114	17.05.2025	30,00,000 (പലിശ നിരക്ക് 7%-216810/-)	കേരള ഗ്രാമീൺ ബാങ്ക്, പെരുവ ശാഖ	19.05.2026 32,16,810/ രൂപ
3	40590202500115	17.05.2025	30,00,000 (പലിശ നിരക്ക് 7%-216810/-)	കേരള ഗ്രാമീൺ ബാങ്ക്, പെരുവ ശാഖ	19.05.2026 32,16,810/ രൂപ

സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി സ്ഥിരനിക്ഷേപ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15 2015-16	2-5 2-6, 2-7, 2-8, 2-10	2016-17	അനുബന്ധം 4, അനുബന്ധം 5	തൊഴിൽ നികുതി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2014-15	2-4	2016-17	അനുബന്ധം 3	വസ്തുനികുതി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്

4-9 ഓഡിറ്റ് റിക്കവറി

2024-25 വാർഷികധനകാര്യപത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇല്ല.

4-10 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല.

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പടെ (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം)	:	82,514,218.00/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം)	:	48132593/-
ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)		189,093,670/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)		184,338,870/-
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	1573810 /-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക-നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-25	124420/-	ശ്രീമതി അനുപമ എ.ടി., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പെരുവ
1-26	100000/-	ശ്രീമതി ശില്പാമോൾ പി.എസ്, ഡയറി ഫാം ഇൻസ്ട്രക്ടർ
1-27	300000/-	ശ്രീമതി ശില്പാമോൾ പി.എസ്, ഡയറി ഫാം

		ഇൻസ്ട്രക്ടർ
1-28	171500/-	ശ്രീമതി ആശാ ശ്രീധർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മുളക്കുളം
1-29	144232/-	ശ്രീമതി ശ്രീകല കെ, അസിസ്റ്റന്റ് സെക്രട്ടറി
1-30	7000/-	ഡോ. ജിംസി ജോസഫ്, വെറ്ററിനറി സർജൻ
1-35	169950/-	ശ്രീമതി ശ്രീകല കെ, അസിസ്റ്റന്റ് സെക്രട്ടറി
1-36	30000/-	ശ്രീമതി സിന്ധു വാസുദേവൻ, ICDS സൂപ്പർവൈസർ
1-39	30000/-	ഡോ. മിനു ഇന്ദുചൂഡൻ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി
1-41	134163/-	ശ്രീമതി കെ.വി. ചന്ദ്രിക, സെക്രട്ടറി
1-42	18000/-	ശ്രീമതി പ്രസന്ന എസ്.റ്റി, സെക്രട്ടറി-ഇൻ-ചാർജ്
1-46	150900/-	ശ്രീമതി കെ.വി. ചന്ദ്രിക, സെക്രട്ടറി
1-47	132923/-	ഡോ ഉമനാഥ് പൈ.ജി. മെഡിക്കൽ ഓഫീസർ, ഹോമിയോ
1-48	60722/-	ഡോ ഉമനാഥ് പൈ.ജി. മെഡിക്കൽ ഓഫീസർ, ഹോമിയോ
ആകെ	1573810/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	അവശേഷിയ്ക്കുന്ന ഖണ്ഡികകൾ
2004-05	കെ.എസ്.എ കെ.ടി.എം പി 8 അദാ.2022/861(2)/04.08.22	2
2007-08	കെ.എസ്.എ കെ.ടി.എം പി 8 അദാ/2022/86(4)/22/04.08.22	5
2009-10&2010-11	കെ.എസ്.എ കെ.ടി.എം പി 8 (അദാ.2018)/43(6)/ 2018/09.01.18	15
2011-12	കെ.എസ്.എ കെ.ടി.എം പി 8 (അദാ.2018)/43(7)/ 2018/09.01.18	16

2012-13 & 2013-14	കെ.എസ്.എ കെ.ടി.എം പി 8 -അദാ/2022/1652(1)/22/09.08.2022	8
2014-15	കെ.എസ്.എ കെ.ടി.എം പി 8 -അദാ/2022/861(6)/22/04.08.22	5
2015-16	കെ.എസ്.എ കെ.ടി.എം പി 8 -അദാ/2022/1652(2)/22/04.08.2022	18
2016-17	കെ.എസ്.എ കെ.ടി.എം പി 8 -അദാ/2022/1652(3)/22/04.08.2022	9
2017-18	കെ.എസ്.എ കെ.ടി.എം പി 8 -അദാ/2022/1652(4)/22/04.08.2022	19
2018-19	കെ.എസ്.എ കെ.ടി.എം പി 8 -അദാ/2022/171(2)/04.08.2022	28
2019-20	കെ.എസ്.എ കെ.ടി.എം പി 8 -/1611/22/07.06.22	12
2020-21	കെ.എസ്.എ കെ.ടി.എം പി 8 -1618/22/17.05.2022	19
2021-22	കെ.എസ്.എ കെ.ടി.എം പി 8 .2519/2022/17.01.2023	19
2022-23	കെ.എസ്.എ കെ.ടി.എം പി 8 .1484/2023/25.03.2024	33
2023-24	കെഎസ് എ കെടിഎം പി8 /1963 /2024/20.03.2025	35

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 3 dated 21-05-2025 and submitted on 26-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Mulakkulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Mulakkulam Grama Panchayat as on 31-03-2025

Date: 12/09/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Mulakkulam Grama Panchayat for the Year 2024-2025.

1.Major Observations

1) The accuracy of the total general fund of the Grama Panchayat as on 31/03/2025 is not accurate in the absence of supporting documents. The authentic asset-liability records (OBRP Data) of the time when the Panchayat General Fund (Account Heading-310100101) was determined on 01/04/2011 have not been maintained.

2) It is not clear whether the capital contribution accounted for under various funds for the year 2024-25 is equal to the assets spent on the said funds.
The detailed capital contribution register/details recording the expenditure of various grants, asset-revenue wise, is not maintained in the Panchayat.

3) The Panchayat assets have not been valued and the asset register has not been kept up to date as per the instructions of G.O. (MS) 152/2011 dated 26/07/2011.
Therefore, the authenticity and accuracy of the information and value of the assets as per the balance sheet as on 31/03/2025 is not clear.

2.Other Observations

1) In the annual accounts of the Grama Panchayat for the year 24-25, the DCB figures for tax and non-tax revenue items differ from the actual DCB.
The revenues have not been accounted for in the correct heads of Account.

2) The deposit amounts of Bidders Earnest Money Deposit and Contractors Retention in the annual accounts differ from the actual figures. The deposits have not been accounted under the correct head of Account

3) NREGA EFMS expenditure has been accounted as Administrative expense instead of being accounted under the head of Total poverty alleviation.

4) Due to a discrepancy in the calculation of Gross Surplus of income over Expenditure in the Income & Expenditure Statement, the exact amount has not been included in the Net Balance being surplus

carried over to Balance Sheet (Panchayat Fund).

5) The account which does not belongs to the Grama Panchayath, is included as a bank balance in the 40(b) schedule.

Deputy Director
District Office Kottayam
Kerala State Audit Department

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്